സഹനം നൽകണേയെന്ന് പ്രാർത്ഥിച്ച വിശുദ്ധാത്മാക്കളെ കുറിച്ച് വായിച്ചിട്ടുണ്ട്, ജീവിതമത്രയും ദിവ്യകാരുണ്യ ഈശോയ്ക്ക് സമർപ്പിച്ച വിശുദ്ധരെക്കുറിച്ചും കേട്ടിട്ടുണ്ട്. എന്നാൽ, അപ്രകാരമൊരു പുണ്യജീവിതം അടുത്തുനിന്ന് കാണാൻ, അവൾക്കു വേണ്ടുന്ന ആത്മീയ ശുശ്രൂഷകൾ ലഭ്യമാക്കാൻ അവസരമൊരുക്കിയ ദൈവഹിതം ഓർക്കുമ്പോൾ എന്റെ കണ്ണുകൾ നിറയുന്നു. ദൈവമേ നീ എത്ര മഹോന്നതൻ! ഒരു വ്യക്തിയെ തിരുസഭ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നത് നാളുകൾ നീളുന്ന, സങ്കീർണമായ പഠനങ്ങൾക്കും സൂക്ഷ്മപരിശോധനകൾക്കും ശേഷമാണ്. എന്നാൽ, ഏതാണ്ട് 17 വർഷമായി അജ്നയെ അടുത്തറിയാവുന്നയാൾ എന്ന നിലയിൽ എനിക്ക് സാക്ഷ്യപ്പെടുത്താനാകും, ഒരു വിശുദ്ധയ്ക്കടുത്ത ജീവിതമായിരുന്നു അവളുടേത്!

എന്റെ സഹപാഠിയുടെ (അജ്മ) സഹോദരിയായ അജ്നയെ ആദ്യമായി കാണുമ്പോൾ 10 വയസുകാരിയായിരുന്നിരിക്കും അവൾ. വളരുന്നതിന് അനുസരിച്ച് ഈശോയോടുള്ള അവളുടെ സ്നേഹവും വളർന്നു. കോളജ് പഠന കാലത്ത് ജീസസ് യൂത്തിൽ സജീവമായതിലൂടെ കൈവന്ന ആത്മീയ പോഷണത്തെ കുറിച്ച് അവൾതന്നെ പറഞ്ഞിട്ടുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവും മികച്ച മാർക്കോടെ പാസായി തേവര എസ്.എച്ച് കോളജിലെ കോമേഴ്സ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് പ്രൊഫസറായി ഉദ്യോഗം ലഭിച്ച നാളുകളിലാണ്, ഏതാണ്ട് നാലര വർഷംമുമ്പ് കാൻസർ കോശങ്ങൾ അവളുടെ താടിയെല്ലിൽ സാന്നിധ്യം അറിയിച്ചത്.

അടിയന്തിര ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സയിലൂടെ ജീവിതത്തിലേക്ക് തിരിച്ചെത്തി, പക്ഷേ, ആ സൗഖ്യദിനങ്ങൾക്ക് അൽപ്പായുസേ ഉണ്ടായിരുന്നുള്ളൂ. കണ്ണും കാതും കരളും താടിയെല്ലും അധരങ്ങളുമെല്ലാം കാർന്നുതിന്നാൻ കാൻസർ കോശങ്ങൾ മത്സരിച്ചപ്പോഴും അവളുടെ മുഖത്തുനിന്ന് പുഞ്ചിരി മാഞ്ഞില്ല, അധരങ്ങളിൽനിന്ന് ദൈവസ്തുതി അകന്നില്ല. ഇക്കാലയളവിൽ ഒരു കണ്ണിന്റെ കാഴ്ചയും ഒരു കാതിന്റെ കേൾവിയും മാത്രമല്ല അവളുടെ മുഖകാന്തിയും കവർന്നെടുത്തു കാൻസർ. രണ്ടു മാസം മുമ്പ് സംസാരശേഷിയും ഏറെക്കുറെ നഷ്ടമായി. അവളുടെ പീഡാസഹനങ്ങളുടെ അവസാന നാളുകളിൽ, രണ്ടര വർഷംമുമ്പ് അവളുടെ ഇടവക വികാരിയായി ഞാൻ നിയമിക്കപ്പെട്ടതും മറ്റൊരു ദൈവഹിതം.

ദിവ്യകാരുണ്യത്തോടുള്ള അവളുടെ ഭക്തി കൂടുതൽ അടുത്തറിഞ്ഞ നാളുകളായിരുന്നു അത്. ഈശോ തന്നെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ തനിക്ക് ഈശോയെ സ്നേഹിക്കണം അതിനുവേണ്ടിയുള്ള മത്സരത്തിലായിരുന്നു അവൾ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. കുട്ടിക്കാലം മുതൽ ശീലിച്ച അനുദിന ദിവ്യബലി കഠിന വേദനയുടെ ദിനങ്ങളിലും അവൾ മുടക്കിയില്ല. പിച്ചവെക്കുന്ന കുട്ടിയെപ്പോലെ അമ്മയുടെ കരം പിടിച്ച് അവൾ ദിവ്യബലിയിൽ പങ്കുകൊള്ളാൻ ദൈവാലയത്തിലെത്തും. വാഹനസൗകര്യം ഒരുക്കാൻ ശ്രമിച്ച എന്നെ തടഞ്ഞുകൊണ്ട് അവൾ പറഞ്ഞ വാക്കുകൾ എങ്ങനെ ഞാൻ മറക്കും: "സഹനം ഒഴിവാക്കാൻ എന്നെ പ്രലോഭിപ്പിക്കുകയാണല്ലേ!"

ലോക്ഡൗൺ കാലത്ത് പൊതുജന പങ്കാളിത്തത്തോടെയുള്ള ദിവ്യബലികൾ വിലക്കപ്പെട്ടപ്പോഴും വിശുദ്ധ കുർബാന ഉൾക്കൊള്ളാൻ അവൾ കാണിച്ച നിർബന്ധബുദ്ധി അമ്പരപ്പിക്കുന്നതായിരുന്നു. വിശുദ്ധ കുർബാനയുമായി അവളുടെ വീട്ടിലേക്ക് നടത്തിയ യാത്രയ്ക്കിടെ എത്രയോ തവണ പൊലീസിന്റെ ചോദ്യം ചെയ്യലിന് വിധേയനായിട്ടുണ്ടെന്നോ! രോഗം മൂർച്ഛിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഇക്കഴിഞ്ഞ ഒരാഴ്ച എന്റെ അജപാലന ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ല. ആശുപത്രി മുറി ദിവ്യകാരുണ്യ ആരാധനാ ചാപ്പലാക്കി മാറ്റിയ ദിനങ്ങളായിരുന്നു അത്. അവ

ൾക്ക് നൽകാനായി കൊണ്ടുപോകുന്ന തിരുവോസ്തിക്കു മുന്നിൽ ഒരു മണിക്കൂറോളം സമയം മനസുകൊണ്ട് സ്തുതിയാരാധനകൾ അർപ്പിച്ചശേഷമാകും അവൾ ഈശോയെ നാവിൽ സ്വീകരിക്കുക.

ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചുകൊണ്ടുതന്നെയായിരുന്നു അവൾ ഈശോയിൽ വിലയം പ്രാപിച്ചതും (അധരങ്ങൾ തുറക്കാൻപോലും സാധിക്കാതിരുന്ന അവൾ തിരുവോസ്തി വെള്ളത്തിൽ അലിയിച്ച്, ഭക്ഷണം നൽകാൻ വയറ് തുളച്ച് ഇട്ടിരിക്കുന്ന ട്യൂബിലൂടെയാണ് ഉൾക്കൊണ്ടിരുന്നത്. കഴിഞ്ഞ ഏഴു മാസമായി ഇപ്രകാരമായിരുന്നു അവളുടെ വിശുദ്ധ കുർബാന സ്വീകരണം എന്നുകൂടി അറിയണം). ആ വിശുദ്ധമരണം കൺമുന്നിൽനിന്ന് മായില്ല. രോഗീലേപനം സ്വീകരിച്ച് വിശുദ്ധ കുർബാന ഉൾക്കൊണ്ടശേഷം എന്റെ കരംപിടിച്ച് ചൊല്ലിത്തുടങ്ങിയ ഈശോ മറിയം യൗസേപ്പേ, എന്ന സുകൃതജപം അരമണിക്കൂർ പിന്നിട്ടപ്പോഴേക്കും ആ ശബ്ദം നേർത്തുനേർത്ത് ഇല്ലാതായി, അവൾ ഈശോയ്ക്ക് സമർപ്പിച്ച ജീവശ്വാസം നിലച്ചു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് കൃത്യം മൂന്നിന്, ഈശോ മരിച്ച അതേ സമയം! ദൈവമേ, ഒരു വിശുദ്ധയുടെ സ്വർഗപ്രാപ്തിക്ക് സാക്ഷിയാക്കുകയായിരുന്നോ അവിടുന്ന് എന്നെ!

അറിയില്ല, പക്ഷേ, ഒന്നെനിക്കറിയാം പരിചയപ്പെടുന്ന എല്ലാവരിലേക്കും ദിവ്യകാരുണ്യ ഈശോയെ പകർന്നുനൽകുക എന്നതായിരുന്നു അവളുടെ ആഗ്രഹം. വിശുദ്ധ കൊച്ചുത്രേസ്യയെയും വിശുദ്ധ അൽഫോൻസാമ്മയെയും പോലെ, രോഗക്കിടക്കയിലായിരിക്കുമ്പോഴും സഹനങ്ങളത്രയും കാഴ്ചവെച്ചതും ആ നിയോഗത്തിനുവേണ്ടിതന്നെ. അവളുടെ മരണംപോലും ദിവ്യകാരുണ്യ പ്രഘോഷണമായി മാറിയതും അതുകൊണ്ടുതന്നെയാവണം. ദിവ്യകാരുണ്യ ഈശോയോടുള്ള അവളുടെ സ്നേഹം പ്രകീർത്തിക്കുന്ന എത്രയെത്ര കുറിപ്പുകളാണ് സാമൂഹ്യമാധ്യമങ്ങളിൽ ഇടംപിടിച്ചത്.

ദിവ്യകാരുണ്യ ഈശോയോടുള്ള ഭക്തിയിൽ വളരാനുള്ള നമ്മുടെ പ്രാർത്ഥനകളിൽ അവൾ ഇനിയും നമ്മെ സഹായിക്കും, തന്നെ ഏറെ സ്നേഹിക്കുന്ന, താൻ അതിലേറെ സ്നേഹിക്കുന്ന ഈശോയുടെ തൊട്ടടുത്തായിരുന്നു കൊണ്ട്. അവൾ ജീവിച്ചിരുന്ന കാലത്ത് ജീവിക്കാൻ സാധിച്ചതാണ് നമ്മുടെ പുണ്യം. അജ്നാ, നീ പറുദീസയിൽ ആയിരിക്കുമ്പോൾ ഞങ്ങളേയും ഓർക്കേണമെ.

**(ഫാ. ജീൻ ഫെലിക്സ് കാട്ടാശേരി, വൈറ്റില സെന്റ് പാട്രിക്ക് ദൈവാലയ വികാരി FB Post)**



## CONGRATULATIONS

**FR. THOMAS THEKKEL CMI, PROVINCIAL OF ST. THOMAS PROVINCE, KOZHIKODE, IS ELECTED THE PRESIDENT OF NATIONAL CRI PRIESTS SECTION. IT IS INDEED A MATTER OF PRIDE FOR ALL OF US. CONGRATULATIONS DEAR FR. THOMAS THEKKEL.**



# ആത്മാവച്ചൻ എന്ന ബ്രൂണോ അച്ചൻ

*(ബഹു. ബ്രൂണോ അച്ചനെ ദൈവദാസനായി പ്രഖ്യാപിക്കുന്ന തിരുക്കർമത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നടത്തിയ പ്രസംഗം)*

വലിയ ഒരു ചരിത്രസംഭവത്തിനു നമ്മൾ സാക്ഷ്യം വഹിക്കുകയായിരുന്നു. പ്രിയങ്കരനായ കണിയാരകത്ത് ബ്രൂണോ അച്ചനെ തിരുസഭ ദൈവദാസനായിട്ട് പ്രഖ്യാപിച്ച, ആ ഒരു വലിയ സംഭവത്തിനു നമ്മൾ സാക്ഷികളാകുകയായിരുന്നു. അതിന്റെ ഓർമ്മ നിലനിർത്താനാണ് ഇപ്പോൾ ഇവിടെ നമ്മൾ തുടങ്ങിയ ആഘോഷകരമായ പരിശുദ്ധ കുർബാന അർപ്പണവും തുടർന്നുവരുന്ന തിരുക്കർമ്മങ്ങളുമെല്ലാം.

പത്താം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ച സെന്റ്. ബ്രൂണോയെക്കുറിച്ചു ഞാൻ ആദ്യമേ ഒരു വാക്ക്, പറഞ്ഞുകൊള്ളട്ടെ. ജർമനിയിലെ കൊളോണിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയായിരുന്നു സെന്റ്. ബ്രൂണോ എന്നറിയപ്പെടുന്ന ആ വിശുദ്ധൻ. അദ്ദേഹം അധ്യാപകനും, പണ്ഡിതനും, ഭരണപരിഷ്കർത്താവും ഹെർമിറ്റിക്കൽ മൊണാസ്റ്റിസിസം കൊണ്ടുനടന്ന കർശനസ്വഭാവമുള്ള ജീവിതം നയിച്ചവനുമായിരുന്നു.

അന്നത്തെ പരിശുദ്ധപിതാവ് ആലോചനക്കാരനായിട്ടു ഈ സെന്റ്. ബ്രൂണോയെ വിളിക്കുകയും ദൈവാരാധനാക്രമത്തിലും സഭാശാസ്ത്രത്തിലും അജപാലന മേഖലയിലുമുള്ള അദ്ദേഹത്തിന്റെ സിദ്ധികളൊക്കെ അന്വേഷിച്ചു മനസ്സിലാക്കുകയും അജപാലന നിർവ്വഹണത്തിനായിട്ട് ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സെന്റ്. ബ്രൂണോയുടെ കീർത്തികേട്ട രണ്ട് ആപ്തവാക്യങ്ങളിതായിരുന്നു. “By your Work you show what you love and what you know.” നിന്റെ പ്രവൃത്തി കാണുമ്പോളറിയാം നീ ആരെയാണ് സ്നേഹിക്കുന്നത്, നിനക്കെന്തറിയാം? അതായിരുന്നു അദ്ദേഹത്തിന്റെ ആക്സിയോമാറ്റിക്കായിട്ടുള്ള പ്രയോഗശൈലി. രണ്ടാമത്തേത് Crux stat dum volvitar orbis, “while the world changes the cross stands steady”. കുരിശു മാറ്റമില്ലാതെ നിൽക്കുന്നു. ലോകം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. തിരുവചനങ്ങൾ പോലെയുള്ള ഈ രണ്ട്

ആപ്തവാക്യങ്ങൾ. സെന്റ്. ബ്രൂണോയുടെ ഏറ്റവും വലിയ സംഭാവനയായി തിരുസഭയും പരിശുദ്ധ സിംഹാസനവും എക്കാലവും സ്വീകരിച്ചിട്ടുള്ളതാണ്. അടുത്തതായി അദ്ദേഹം എഴുതിയ പ്രധാനപ്പെട്ട ഒരു കാര്യം ഇതായിരുന്നു "ശരീരം പുറത്തു വെച്ചിട്ട് ആത്മാവിനെ മാത്രം അകത്തു പ്രവേശിപ്പിക്കണം." പ്രാർത്ഥനക്കായിരിക്കുമ്പോൾ, പൊതുവേദിയിലായിരിക്കുമ്പോൾ, കർത്താവിനോടു കൂടിയായിരിക്കുമ്പോളൊക്കെ നമ്മളെടുക്കേണ്ട മാനദണ്ഡങ്ങളായിട്ടാണ് അദ്ദേഹം ഇതൊക്കെ പറഞ്ഞത്. ഇതിന്റെ പശ്ചാത്തലത്തിലാണ് നമ്മൾ നമ്മുടെ സ്വന്തക്കാരനായ ബ്രൂണോ അച്ചനിലേക്കെത്തുന്നത്.

അച്ചനെക്കുറിച്ചുള്ള സുന്ദരമായ ഒരു പ്രഭാഷണം പ്രൊവിൻഷ്യൽ അച്ചൻ ആമുഖത്തിൽ നൽകി. എങ്കിലും എന്റെ ഉത്തരവാദിത്വമാണെന്ന് വിചാരിച്ച് ഞാൻ ഏതാനം കാര്യങ്ങൾ ബ്രൂണോ അച്ചനെക്കുറിച്ച് പറയുകയാണ്, നിങ്ങൾ കേട്ടത് ഒന്നാവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്. അച്ചൻ രാമപുരത്ത് 1894-ൽ തലവേലി എന്ന സ്ഥലത്തു കണിയാരകത്തു തറവാട്ടിൽ ജനിച്ചു പഠനമെല്ലാം കഴിഞ്ഞു 1923 മെയ് മാസം 20-ാം തിയതി കുര്യാളശ്ശേരി തോമസ് മെത്രാനിൽ നിന്നും പട്ടം സ്വീകരിച്ച വ്യക്തിയാണ്. തുടർന്ന് അദ്ദേഹം പുത്തൻ കുർബാന മുത്തോലി ആശ്രമത്തിൽ അർപ്പിച്ചു. വളരെയേറെ സങ്കീർണത നിറഞ്ഞ വഴിയിലൂടെയാണ് അച്ചൻ മുന്നോട്ട് നടന്നു നീങ്ങിയത്. കേരളത്തിൽ ആകമാനം നിറഞ്ഞു നിൽക്കുന്ന CMI കേന്ദ്രങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. തേവര, വാഴക്കുളം, പുളിങ്കുന്ന്, കറുകുറ്റി, പുതുപ്പള്ളി, കുര്യനാട്, തലോർ, എൽത്തുരുത്, കടലുണ്ടി, മുട്ടാർ, അമനകര, മുത്തോലി, പൂഞ്ഞാർ, ധർമ്മാരാം, കെങ്കേരി, ദീപിക ആശ്രമം എന്നിങ്ങനെ 15 ഇടങ്ങളിൽ ബ്രൂണോ അച്ചൻ സേവനം ചെയ്തു. ഒട്ടുമിക്ക സ്ഥലങ്ങളിലും പ്രൊക്യുറേറ്റർ ആയിട്ട്, സാമ്പത്തികം നോക്കുന്ന ആളായിട്ട്, കൃഷിപ്പണികളൊക്കെ നോക്കുന്നയാളായിട്ട് ശുശ്രൂഷകൾ ചെയ്തത്. 68 വർഷത്തെ സമർപ്പിത ജീവിതത്തിനുശേഷം. 1991 ഡിസംബർ 15-ന് 97-ാമത്തെ വയസ്സിൽ അദ്ദേഹം പരലോകപ്രാപ്തനായി. ഇവിടെ സെന്റ്. ആൻസ് ആശ്രമത്തിന്റെ സെമിത്തേരിയിലാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്. അച്ചന്റെ കാര്യങ്ങൾ നമുക്കറിവുള്ളതാണ് എങ്കിലും ഞാൻ ഒന്നോർമ്മിപ്പിക്കുന്നുവെന്നേയുള്ളു.

സി.എം.ഐ തറവാട്ടിൽ അനശ്വരത നേടിയ ഒരു പറ്റം പിതാക്കന്മാരുണ്ട്. അദ്ഭുതകരമായ രീതിയിൽ ആത്മവിസ്മയംകൊള്ളിക്കുന്ന അച്ചന്മാരായിരുന്നു അവർ. സുറിയാനി മലബാർ ലിറ്റർജി പണ്ഡിതന്മാർ, സാമൂഹിക പരിഷ്കർത്താക്കൾ, സഭാ നിയമ പണ്ഡിതന്മാർ തുടങ്ങിയ ഒരുപിടി ആളുകളെ ജനിപ്പിച്ച ഒറിജിനൽ കോൺഗ്രിഗേഷൻ ആണ് സി.എം.ഐ. ഭാരത നസ്രാണികളുടെ പൈതൃകം സംരക്ഷിക്കുന്നതിൽ തീവ്രപരിശ്രമം നടത്തിയവരാണ് സി.എം.ഐ അച്ചന്മാർ. മാന്നാനത്തെ കൊവേന്ത അതിനൊരു ഒന്നൊന്നര ടെസ്റ്റ്മെന്റ് ആയി എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ആ കൊവേന്ത കാത്തു സൂക്ഷിക്കുന്ന മൂല്യങ്ങളും, മൂലഗ്രന്ഥങ്ങളും നമ്മെയെല്ലാം അത്ഭുതപ്പെടുത്തും. കുര്യനാട് ആശ്രമത്തിലെ അൾത്താര ബാലന്മാർ ചാർത്തികൊടുത്ത ഒരു പേരാണ് പ്രൊവിൻഷ്യാളച്ചൻ ഇവിടെ പറഞ്ഞത്, ബ്രൂണോ അച്ചനെ ആത്മാവച്ചനെന്നാണ് വിളിച്ചിരുന്നത്. ക്രിസ്തീയ മൂല്യങ്ങളുടെ ഒരുത്തമ തറവാടാണ് കണിയാരകത്തു കുടുംബം. മാണിമല്പാൻ അച്ചൻ നമ്മുടെ പുണ്യവാൻ ചാവറകുര്യാക്കോസച്ചന്റെ അയൽക്കാരനാണ്, ആദ്യം വ്രതം ചെയ്തവരിലൊരാളാണ്. അതുപോലെ യാക്കോബ് കത്തനാർ തുടങ്ങി ഒരുപിടി ശ്രേഷ്ഠരായ വൈദികരെ ഈ കുടുംബം ജനിപ്പിച്ചു. അതിലൊരാളാണ് എന്റെ ഗുരുനാഥൻ കൂടിയായ ജോർജ് കണിയാരകത്തച്ചൻ.

ബഹുമാനപ്പെട്ട ബ്രൂണോ അച്ചൻ സർവ്വസമ്മതനായ ഒരു സമർപ്പിത വൈദികനായിരുന്നു. സി.എം.ഐ പൈതൃകത്തിന്റെ ഒരു Portiuncula - a small portion of land, അല്ലെങ്കിൽ ഒരു portable tradition എന്ന് അദ്ദേഹത്തെ നമുക്കു വിശേഷിപ്പിക്കാം.

സി.എം.ഐ എന്ന് പറയുമ്പോൾ അതിന്റെ ഐക്കൺ ആയി ബ്രൂണോ അച്ചൻ നിൽക്കുന്നു, എന്നതാണ് ഞാൻ പറഞ്ഞ ആ വാക്കുകളുടെ പിന്നിലുള്ള അർത്ഥം. മിതഭാഷിയും, കൃശഗാത്രനും, താപസാഭിമുഖ്യമുള്ളവനുമായിരുന്നു അച്ചൻ. അദ്ദേഹം അമനകര കൊവേന്തയിലായിരുന്ന കാലത്ത്, ഞാൻ രാമപുരം അസ്തെന്തിയായി ശുശ്രൂഷ ചെയ്യുന്നു. അച്ചനെ കാണാനും, അച്ചന്റെ അടുത്ത് കുമ്പസാരിക്കാനും, അച്ചന്റെയടുത്തു സി.എം.ഐ കോൺഗ്രിഗേഷനെക്കുറിച്ചു വർത്തമാനം പറയാനുമൊക്കെയായി എനിക്ക് ധാരാളം അവസരങ്ങൾ കിട്ടിയിട്ടുണ്ട്. അമനകരയിൽ ചെന്നാൽ ഭക്ഷണം തരാതെ അദ്ദേഹം ഒരിക്കലും വിടുകില്ലായിരുന്നു. രാമപുരം പള്ളിയിലെ എല്ലാ കാര്യങ്ങളിലും വിശിഷ്യാ, കുമ്പസാരിപ്പിക്കൽ, പ്രദക്ഷിണം, മൃതസംസ്കാരശുശ്രൂഷകളിലെല്ലാം അച്ചൻ വന്നു സഹായിക്കുമായിരുന്നു. അങ്ങനെയൊരു Godly Humanism 'ദൈവികമായ ഒരു മാനവികത' ഒരു മനുഷ്യത്വം കൊണ്ടുനടന്നിരുന്ന ദൈവത്തിന്റെ ഒരു മകനായിരുന്നു ബ്രൂണോ അച്ചൻ. ഇവിടെ പറയപ്പെട്ടതുപോലെ ജാതിമത ഭേദമന്യേ ആളുകൾ അച്ചനെ സ്നേഹിച്ചിരുന്നു, ഇഷ്ടപ്പെട്ടിരുന്നു. പണപരമായ കാര്യങ്ങളിൽ ശുശ്രൂഷ ചെയ്തിരുന്നപ്പോഴും അതെല്ലാം കൃത്യമായിട്ട് നടത്താൻ അദ്ദേഹത്തിന് സാധിച്ചു.

സുറിയാനി സഭയുടെ പൈതൃകത്തിന്റെ, പാരമ്പര്യങ്ങളുടെ, ഒരായുധപുരതന്നെയായിരുന്നു ബ്രൂണോ അച്ചൻ. ഇന്ന് പലപ്പോഴും ആയുധങ്ങൾ നഷ്ടപെട്ട പുരകളായി നമ്മൾ മാറുന്നുണ്ട്. നമ്മിലെ ആയുധം, സുവിശേഷത്തിന്റെ ചൈതന്യം, ആത്മീയത, ഈ സഭാ സമൂഹത്തോടുള്ള പ്രതിബദ്ധത ഒക്കെ നഷ്ടപ്പെടുമ്പോൾ, ആയുധം നഷ്ടപെട്ട ആയുധപ്പുര മാത്രം കൊണ്ട് നടക്കുന്നവരായിട്ടു നാം മാറുകയാണ്. By living an orderly and ordinary life he has naturally entered into the state of servant of God. ഇദ്ദേഹം വേറെ അത്ഭുതം ഒന്നും ചെയ്തയാളല്ല. സാധാരണ രീതിയിൽ സഭയുടെ നിയമങ്ങൾക്കനുസൃതമായിട്ടു ordinary and orderly ആയിട്ടുള്ള ഒരു ജീവിതം നയിച്ചു അത് കൃത്യമായി ചെയ്തുവെന്നതാണ് അച്ചന്റെ ഏറ്റവും വലിയ നേട്ടം. നമുക്കറിയാം, പണത്തിന്റെ കാര്യത്തിൽ അമിത പ്രാധാന്യം നമ്മൾ കൊടുക്കുമ്പോൾ, എപ്പോളും നമ്മൾ ചിന്തിക്കുന്നത് ഓരോന്നിന്റെയും വിലയെന്തെന്നാണ്? എത്ര രൂപയാകും. ആ ചിന്തയിൽ അതിന്റെ values അത് കാത്ത് സൂക്ഷിക്കുന്ന, അല്ലെങ്കിൽ അത് നൽകുന്ന spiritual values നമ്മൾ നഷ്ടപ്പെടുത്തുന്നു. ഇങ്ങനെ ഉള്ള ഒരു ലോകത്തിൽ, നമുക്കൊരു ആധ്യാത്മിക ടോണിക്കാണ് സത്യത്തിൽ ബ്രൂണോ അച്ചൻ. Bruno achan is a priest of inwardness, not of appearances. ആന്തരീകതയുടെ ആളായിരുന്നു അദ്ദേഹം ബാഹ്യമായിട്ടുള്ള കാര്യങ്ങളുടേതല്ല. ധാർമ്മികതയുടെ മനുഷ്യനായിരുന്നു; നമ്മൾ കാണുന്ന പുറം ലോകത്തിന്റെ, അധികാരത്തിന്റെ ആളല്ലായിരുന്നു. നല്ല നിഷ്ഠയുള്ള ആൾ, not of externalities, ബാഹ്യാഡംബരങ്ങളിൽ ഒന്നും ശ്രദ്ധിക്കാത്തവൻ.

ഉള്ളിൽ നിന്നും പഠിപ്പിച്ച അധ്യാപകൻ. ബ്രൂണോ അച്ചനെ നമ്മൾ കാണുമ്പോഴും സംസാരിക്കുമ്പോഴും അതാണ് എല്ലാവർക്കും അനുഭവപ്പെടുന്നത്. ഹൃദയം കൊണ്ട് സംസാരിച്ചവൻ. ചാവറ കുര്യാക്കോസ് അച്ചൻ പുണ്യവാനായ വലിയ ഭരണകർത്താവായിരുന്നു, ബുദ്ധി രാക്ഷസനായിരുന്നു, വലിയ വിദ്യാഭ്യാസവിചക്ഷണനായിരുന്നു, സാമൂഹ്യ പരിഷ്കർത്താവായിരുന്നു, വികാരി ജനറലായിരുന്നു, ഗ്രന്ഥകർത്താവായിരുന്നു, ഭാഷാപണ്ഡിതനായിരുന്നു. ആ നിലകളിലെല്ലാം പ്രശോഭിച്ച വി. അംബ്രോസ്, വി. അഗസ്റ്റിൻ തുടങ്ങിയ വലിയ പിതാക്കന്മാരുടെ ഗണത്തിൽ ചേർത്ത് സഭ അദ്ദേഹത്തെ നിറുത്തി; ആർക്കും ഒരു കാലത്തും അവഗണിക്കാൻ പറ്റുന്ന വ്യക്തിയല്ല വി. ചവറയച്ചൻ എന്ന് നമുക്ക് അറിയാം. ബ്രൂണോ അച്ചനാകട്ടെ അൾത്താര ശുശ്രൂഷ, അടുക്കളയിൽ പണി, പറമ്പിൽ പോയി കൃഷി ഇറക്കൽ, ചാഴിവിലക്ക്, പാവപ്പെട്ടവരുടെ സംസ്കാര ശുശ്രൂഷകൾ ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകതകൾ. ഇത് രണ്ടും വളരെ വത്യസ്തമായ രണ്ട് കാര്യങ്ങളല്ല; ഒരേ കാര്യത്തിന്റെ രണ്ട് പ്രയോ

ക്താക്കളായിട്ട് അവർ പെരുമാറി. എനിക്കു തോന്നുന്നതു രണ്ടുപേരും സി.എം.ഐ കോൺഗ്രിഗേഷന്റെ, നസ്രാണിസഭയുടെ lapis lazuli, തിളങ്ങുന്ന മാണിക്യക്കല്ലുകൾ ആണ്. രണ്ട് പേരും ഒരേ മാസ്റ്റർ ഷെപ്പേർഡിനെ പിൻതുടരുന്നു.

ബ്രൂണോ അച്ചൻ ഒച്ചപ്പാടുകളൊന്നുമില്ലാതെ ഒഴുകി പടർന്ന ഒരു നദിയായിരുന്നു. ഒരു പിടി സാധാരണക്കാരുടെ ഉണങ്ങി വരണ്ടമനസ്സുകളെ, കൽഭരണികളെ, ദൈവകൃപ കൊണ്ട് നിറഞ്ഞു കവിഞ്ഞു ഒഴുക്കാനായിട്ടു അദ്ദേഹത്തിനു സാധിച്ചു. അച്ചന്റെ സാന്നിധ്യത്തിനും ഒരു ദൈവിക ഭാവത്തിന്റെ വ്യാപനം, ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ pandemic ഭാവം ഉണ്ടായിരുന്നു. വലിയ ഒരു വനത്തിലെ ഒരൗഷധ ചെടിപോലെയായിരുന്നു ബ്രൂണോ അച്ചൻ.

ഈശോ കടലിനെ ശാന്തമാക്കിയത് അഗസ്റ്റിനോസ് പറയുന്നതിപ്രകാരമാണ്, Tempesta sedata, 'കടലിനെ അവിടെ ഇരുത്തി.' ഈ അച്ചന്റെ പ്രവർത്തനങ്ങളെപറ്റിയും ഇതു തന്നെ പറയാനായിട്ട് സാധിക്കും. ബ്രൂണോ അച്ചൻ വലിയൊരൊച്ചപ്പാടിന്റെ ലോകത്തിലേയ്ക്ക്, നിശബ്തതയുടെ ബോംബിട്ടവനാണ്. എവിടെ കോലാഹലങ്ങളുണ്ടായാലും അച്ചന്റെ സാന്നിധ്യം കണ്ടാൽ എല്ലാം തീർന്നു. ഞാൻ 1982–ൽ രാമപുരത്തായിരുന്നപ്പോൾ പ്രദക്ഷിണ സമയത്തൊക്കെ വലിയ കോലാഹലങ്ങളൊക്കെ ആ നാളുകളിൽ ഏതാണ്ട് പതിവുപോലെയായിരുന്നു. അങ്ങനെയുള്ള അവസരത്തിൽ ബ്രൂണോ അച്ചൻ കൊവേന്തയിൽ നിന്ന് ഇറങ്ങി വരുന്നത് കണ്ടാൽ എല്ലാം തീർന്നു. ഇളകി മറിയുന്ന സാഹചര്യത്തെ കർത്താവു ഉറക്കി ഇരുത്തിയതുപോലെയായിരുന്നു ബ്രൂണോ അച്ചന്റെ സാന്നിധ്യം. അതിശക്തമായ സാന്നിധ്യമായിരുന്നു അച്ചന്റേത്. ആർസിലെ വികാരിയെപ്പോലെ 'hospital of souls,' ആത്മാക്കളുടെ ഒരാശുപത്രിയെന്നു നമുക്ക് വിശേഷിപ്പിക്കാം. അത്ര മാത്രം മണിക്കൂറുകൾ കുമ്പസാരിപ്പിക്കുവാനും ഉപദേശം കൊടുക്കാനുമൊക്കെ അച്ചനിരിക്കുമായിരുന്നു.

നമ്മുടെ ദൈവാരാധന ക്രമത്തെയും, വിശുദ്ധ പാരമ്പര്യങ്ങളെയും ഇന്ന് പലപ്പോഴും തെരുവീഥികളിൽ പരസ്യവിചാരണയ്ക്കു വലിച്ചിറക്കികൊണ്ടുവരുമ്പോൾ ബ്രൂണോ അച്ചന് ഒരുത്തരമുണ്ട് 'അത് പാടില്ല, നിങ്ങളിത് ചെയ്യരുത്. ഇത് സഭയുടെ അമൂല്യമായ സമ്പത്താണ്. സഭ പഠിപ്പിക്കുന്നത് നിങ്ങൾ കേൾക്കണം' എന്നുള്ള ആഹ്വാനം, അച്ചന്റെ സ്വരം, നമ്മുടെ ഹൃദയത്തിൽ എത്തുമെന്നെനിക്കുറപ്പുണ്ട്. ദൈവതിരുമനസ്സനുസരിച്ചു സഭയോടൊത്തു ചിന്തിക്കണം; സഭയുടെ അടിത്തറയിൽ നമ്മൾ നിൽക്കണം, സഭാ ശാസ്ത്രത്തെ നമ്മൾ കൈവിടരുത് തെറ്റായ ബോധനങ്ങൾ നടത്തരുത് എന്നെല്ലാം ബ്രൂണോ അച്ചൻ നമ്മോട് ശക്തമായി പറയുന്നുണ്ട്. ആധുനിക ലോകം പറയുന്നതിനനുസരിച്ചു ദൈവാരാധനാക്രമത്തെ കീറിമുറിക്കണമെന്നല്ല. ആധുനിക ലോകത്തിനു വേണ്ട ചികിത്സാ മരുന്നായിട്ട് ദൈവാരാധനയെ കാണണം എന്ന് തന്നെയാണ് ആദ്യകാലം മുതൽ സി.എം.ഐ പിതാക്കന്മാരും, ബ്രൂണോ അച്ചനുമൊക്കെ പഠിപ്പിക്കുന്നത്. ദൈവാരാധനയെ, അല്ലെങ്കിൽ ലിറ്റർജിയെ അതിലേയ്ക്ക് ഒരു lexio divina, ഒരു ഡിവൈൻ റീഡിങ് നടത്തിയ വ്യക്തിയായിരുന്നു ബ്രൂണോ അച്ചൻ. പള്ളിയിൽ വന്നാൽ സങ്കീർത്തിയിലുള്ള എല്ലാ പുസ്തകങ്ങളും മറിച്ചുനോക്കും. സുറിയാനിയിലുള്ളതെല്ലാം അച്ചനറിയാം. പതുക്കെ അവിടെ പോയിരുന്നു പ്രാർത്ഥിക്കും, പാട്ടുപാടും. കുർബാന പുസ്തകത്തെ ദൈവികമായ യാഥാർഥ്യം പോലെ വായിക്കുക; ഒരു ഡിവൈൻ റീഡിങ് ആരാധനാക്രമത്തിലേയ്ക്ക് കൊണ്ടുവരണമെന്നും ആരാധനാക്രമത്തിന്റെ പ്രഥമസ്ഥാനം, അതിന്റെ പ്രൈമസി നഷ്ടപെടുത്തരുതെന്നും ദൈവദാസനായ ബ്രൂണോ അച്ചൻ നമ്മളെ പഠിപ്പിക്കുന്നുണ്ട്.

വിശുദ്ധനായ ബർണാർദിന്റെ കീർത്തിപെട്ട ഒരു വാക്യമുണ്ട് 'മുൻപിലും പിറകിലും കണ്ണുണ്ടായിരിക്കണം ഒരു വൈദികന്.' ഒരു വൈദികൻ ലോകത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും കണ്ട് മനസ്സിലാക്കി അതിന്റെ ഉത്തമാംശങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ചു ജീവിക്കണം എന്നാണല്ലോ അതിന്റെ അർത്ഥം, ആധുനിക ലോകത്തിനു ഈ നഷ്ടപ്പെട്ടുപോയ

പല കാര്യങ്ങളും തിരിച്ചെടുക്കുന്നതിനും നാം ആരാണെന്നു കണ്ടെത്താനുള്ള പരിശ്രമത്തിൽ നമ്മെ ശക്തിപ്പെടുത്തുന്നതിനുമൊക്കെ ബ്രൂണോ അച്ചന് വലിയൊരിന്ധനമായിട്ടു നിൽക്കാനായി സാധിക്കും എന്നുള്ളത് തീർച്ചയാണ്. ഈ ശ്ലൈഹീക സഭയുടെ അതിപുരാതനമായ അപ്പസ്തോലിക പൈതൃകം, ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം എത്തിക്കാനുള്ള ഉത്തരവാദിത്വം അച്ചനിൽ നിന്ന് നമ്മൾ ഒരിക്കൽ കൂടി കണ്ടെത്തേണ്ടതാണ്. ഭാരതം മുഴുവൻ സുവിശേഷം പ്രസംഗിക്കാൻ അനുവാദം തന്ന കത്തിന്റെ അവസാനം പരിശുദ്ധ ഫ്രാൻസിസ് പിതാവ് അഗസ്തിനോസിന്റെ ഒരു വാക്യമാണ് കൊടുത്തത്, "നിങ്ങൾക്ക് സ്നേഹത്തിന്റെ ഒരു സ്പേസ് ഹൃദയത്തിലുണ്ടാവട്ടെ എന്ന്." അനുവാദം തരുമ്പോൾ വേറാരുടെയും ഒരു ടെറിറ്ററി കയറി ആക്രമിച്ചു പിടിക്കാനല്ല നമുക്കുള്ള ഒരു സ്ഥലം കണ്ടു പിടിക്കാനാണ്. അതുകൊണ്ടാണ് അഗസ്തീനോസിന്റെ വാചകം പിതാവ് നൽകിയത് സ്നേഹത്തിന്റെ സ്പേസ് വർധിക്കട്ടെ നിങ്ങളുടെ ഉള്ളിൽ. അപ്പോൾ എല്ലാവർക്കും സുവിശേഷം പ്രസംഗിക്കുവാനും വളരുവാനുമുള്ള അവസരം ലഭിക്കും. കുറച്ചു വർഷം മുൻപ് ദൈവവചനം എന്ന സിനഡിൽ ഞങ്ങൾ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ നമ്മുടെ അന്നത്തെ പ്രിയോർ ജനറലച്ചൻ, പന്തല്ലാംതൊട്ടിയിലച്ചൻ പരിശുദ്ധ പിതാവിനോട് ഫുൾ സെഷനിൽ പറഞ്ഞു, ബ്രസീൽ ഞങ്ങളെ ഏല്പിക്കാമെങ്കിൽ സീറോ മലബാർ സഭയുടെ പൈതൃകം ഞങ്ങൾ അവിടെ സ്ഥാപിച്ചെടുക്കാം. പുറത്തിറങ്ങിയപ്പോൾ ഞാൻ അച്ചനോട് പറഞ്ഞു നല്ലകാര്യമാണ്. സി.എം.ഐ ക്കാർ തന്നെ അത് പറയണം ലോകം മുഴുവൻ എത്താനുള്ള കരുത്ത് നിങ്ങൾക്കുണ്ട്. ഈ സഭയുടെ ആരാധനക്രമം അവിടെ പ്രചരിപ്പിക്കുവാനും, സീറോ മലബാർ സഭയുടെ വേരുകൾ അവിടെ ഉറപ്പിക്കുവാനുമുള്ള വേദിയാകേണ്ടതാണത്.

കുഞ്ഞച്ചനെപ്പോലെ തന്നെയാണ് ബ്രൂണോ അച്ചനും. ഞാൻ കുഞ്ഞച്ചനെയും കണ്ടിട്ടുണ്ട്. രണ്ട് പേരും ഒരുപോലെ, ഒരമ്മ പ്രസവിച്ച മക്കളെപ്പോലെ. ഇവരെകുറിച്ചോർക്കുമ്പോഴൊക്കെ എനിക്ക് തോന്നിയിട്ടുണ്ട് അവരുടെ ശരീരപ്രകൃതി, പ്രാർത്ഥന, ലാളിത്യമാർന്ന ജീവിതം, ഡി.സി.എം.എസ് കാരോടുള്ള ബന്ധം എല്ലാം. ബ്രൂണോ അച്ചന്റെ ദുർബല ശരീരവും, നിർമ്മല മനസ്സും ശോഭയാർന്ന ലാളിത്യവും സന്യാസജീവിതത്തിൽ പാലിച്ച അഴകും, വെടിപ്പും, ശുദ്ധിയും, നടന്ന നേർവഴികളും, പറഞ്ഞ നേർവാക്കുകളും, നിശബ്തതയുടെ ഗാംഭീര്യവും, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സ്നേഹവും ആരെയും പിണക്കാത്ത സമീപനവും എല്ലാം നമുക്ക് പത്തു കല്പനകൾ പോലെയായിരിക്കണം. ഒരു ബ്രൂണോ മാർഗം തന്നെ നമ്മൾ രൂപീകരിക്കണം. തോമയുടെ മാർഗം എന്ന് നമ്മൾ പറയുന്നതു പോലെ ഒരു ബ്രൂണോ മാർഗത്തിന്റെ അടിത്തറയായിട്ടു ഈ പ്രഖ്യാപനവും പരിശുദ്ധ പിതാവ് നമുക്ക് നൽകിയിട്ടുള്ള ഈ ആനുകുല്യങ്ങളെല്ലാം ഭവിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മുട്ടാർ ആശ്രമത്തിൽ വെള്ളം പൊങ്ങിയപ്പോൾ എല്ലാവരും താമസം മാറണമെന്ന് പ്രിയോർ അച്ചൻ പറയുകയുണ്ടായി. എല്ലാവരും താമസം മാറിക്കൊണ്ടിരിക്കുമ്പോൾ ബ്രൂണോ അച്ചൻ അന്ന് ചെയ്തത് അൾത്താരയിൽ കയറി ഇരുന്നു. അൾത്താര ഉയർന്നതാണല്ലോ. അന്വേഷിച്ചെത്തിയപ്പോൾ അച്ചൻ പറഞ്ഞു രക്ഷപെടാനുള്ള സ്ഥലം തിരഞ്ഞെടുത്തോളാൻ പറഞ്ഞത് അങ്ങ് തന്നെയാണല്ലോ. അത് കൊണ്ട് ഞാൻ ഈ അൾത്താരയിൽ കയറി ഇരിക്കുകയായിരുന്നു. ഭാവിയിൽ പരിശുദ്ധ സിംഹാസനം ബ്രൂണോ അച്ചനെ അൾത്താരയിൽ തന്നെയിരുത്തട്ടെ. ലോകം മുഴുവനുമുള്ള അൾത്താരകളിലിരിക്കാൻ യോഗ്യതയുള്ള കുലീനകുല ജാതനും സുവിശേഷത്തിന്റെ ഐക്കണുമായിട്ടുള്ള ഈ അച്ചനെ പരിശുദ്ധപിതാവ് അനുവദിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുകയാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിൽ പറഞ്ഞ വാചകത്തോടെ ഞാൻ അവസാനിപ്പിക്കുകയാണ്, This is not the end ഇത് അവസാനമല്ല. This is not the begining of the end; it is perhaps the end of the begining. ●

# VATICAN NEWS

### St. Irenaeus is declared a doctor of the church

In a decree released by the Vatican on January 21, the pope ordered that the second-century theologian St Irenaeus be given the title of "doctor of unity." He said St. Irenaeus' life and teachings served as "a spiritual and theological bridge between Eastern and Western Christians."

### 'Pilgrims of Hope' - motto for Holy Year 2025

Pope approved 'Pilgrims of Hope' as motto for Holy Year 2025. The motto aims to give a concise sense of the full meaning of the jubilee journey. The words "pilgrims" and "hope" also represent key themes of Pope Francis' pontificate.

### Pope closes Year of St. Joseph with marginalized young adults

Pope Francis closed the Year of St. Joseph with a private visit to a community in Rome that helps people experiencing marginali zation, crisis or substance abuse. "Do not be afraid of reality, of the truth, of our misery," he told volunteers and the people they assist at the Good Samaritan home.

### Nun named secretary-general of Vatican City State governing office

Pope Francis has appointed Sister Raffae lla Petrini, an Italian member of the US-based Franciscan Sisters of the Eucharist, to be secretary-general of the office governing Vatican City State. The appointment, effectively makes the 52-year-old Rome native the highest-ranking woman in the Vatican.

### Pope clears way for beatification of John Paul I

Pope Francis has signed a decree recognizing a miracle attributed to the intercession of Pope John Paul I, clearing the way for his beatification. The Italian pope served only 33 days as pontiff; he died in the papal apartments on Sept. 28, 1978, at the age of 65, shocking the world and a church that had just mourned the death of St. Paul VI.

### Pope names Salesian nun interim secretary of Dicastery

Pope Francis has named Salesian Sister Alessandra Smerilli as interim secretary of the Dicastery for Promoting Integral Human Development, the Vatican announced. The 46-year-old Italian is an economist and professor of economic policy, an adviser to the governing office of Vatican City State, and a consultant to the Synod of Bishops.

### Vaccination is an act of love, says pope in advert campaign

"Being vaccinated with vaccines authorized by the competent authorities is an act of love. And contributing to ensure the majority of people are vaccinated is an act of love — love for oneself, love for one's family and friends, love for all people," he said in a public service announcement in Rome.

# NEWS ROUNDUP

## CMI PRIOR GENERAL'S HOUSE, KAKKANAD

### Rededication of the Renovated Church, Mannanam



The rededication of the renovated St Joseph's Monastery Church, Mannanam, and the seventh anniversary of the canonization of St Kuriakose Elias Chavara and St. Euphrasia were held at Mannanam on 23rd November 2021.

### Brazil Mission



Three of our fathers, Fr Dominic Kunnumpurath (Bijnor Province), Fr Jose Pallickaparambil, and Fr Tomy Pothanapara (Rajkot Province) started their mission in Brazil on 22nd November, 2021. Fr Dominic and Fr Tomy will be serving in the diocese of Santarem in Para state and Fr Jose in the diocese of Teixeira de Freitas in Bahia state. Best wishes and prayers for your new mission journey!

### African Mission Gathering

A virtual meeting of CMI members in the African Mission was held on 29 November 2021. Fr Vicar General welcomed all to the gathering. Fr Prior General during the introductory message thanked and appreciated the witnessing mission works that our members are doing in Africa. There was also sharing by the coordinators and members working in different African countries such as Kenya, Ghana, Namibia, Madagascar, Uganda, South Africa, and Botswana. Fr Anto Thekkudan, co-ordinator, proposed the vote of thanks.

### First Profession

On December 8, the day of the feast of the Immaculate Conception of our Blessed Mother, seventy seven Novices made their first profession at different novitiates in our Congregation. On the same day all the members of our Congregation renewed their vows. For the first time novices from Manipur also made their

first profession in the Congregation at Vinayalaya Novitiate House, Bhanpuri.

### Servant of God

Rev Fr Bruno Kaniarakath CMI is declared 'Servant of God' on 15 December, 2021 at St. Ann's Monastery, Kurianad. The ceremony was officiated by Mar Joseph Kallarangattu, Bishop of the Eparchy of Pala. Fr Bruno was a man of prayer, a down to earth pastor- popularly known as 'Atmavachan', simple and humble religious, compassionate hearted person, etc. It was a blessed moment for the CMI Congregation that an exemplary son of our CMI fraternity was recognized officially for his saintly and heroic life by the Church.

### Reception to New Priests



On 3rd January, 43 new priests of our Congregation were given reception at the Prior General's House. On the next day, along with Chavara Hills community the new priests celebrated Holy Mass at the Prior General's House chapel. Once again we have got now 2000 clerical members in our Congregation with the new batch. It was a grace-filled occasion to thank God for the greatest gift of these new priests to our CMI Congregation. Congratulations and prayerful wishes dear young fathers!

### Bishops' Meet



A meeting of the CMI Bishops and Bishops of the CMI North Indian Missions was held at Chavara Hills on 04 January, 2022. There was a lively discussion of the Bishops with General Council and Chavara Hills community.

### Major Superior's Meet



The major superior's meet was held from 5 to 7 January 2022 at St Joseph's

Provincial House, Thiruvanathapuram. The meeting, attended by all the major superiors had very fruitful discussions on various aspects and concerns of the Congregation. It also decided to make 10 yearlong preparations for the bicentenary celebration of the foundation of CMI Congregation in 2031. On the second day afternoon, education councillors of all the provinces also joined the meeting for an effective planning of the education ministry and its associated apostolates.

### CMIs for Child Safe World

A workshop on CMI policy on protection of children and vulnerable adults and CMI policy for prevention of sexual harassment at workplace was held at Prior General's House on 09-10 January 2022. Representatives from all the Provinces joined the meeting in the training sessions. Various resource persons gave inputs on different themes such as canon law perspectives, civil law perspectives, psycho-socio perspectives, cyber pitfalls and care, preventive measures, implementation strategies, etc. Sessions are to be conducted in all the institutions of all the provinces as part of the next level of its implimentation.








# NEWS FROM PROVINCES

## ST CHAVARA VICE - PROVINCE, BHAVNAGAR

### Renewal

The CMI Renewal Programme of 2021 of St. Chavara Vice- Province began at the Devdarshan Provincial house with the inaugural session at 6.20 pm on 13th October, 2021. Fr. Provincial extended a warm welcome to all the members who were participating in the online mode either in their own places or gathered in bigger groups at selected places.

On 15th October, the last day of the Renewal Programme, after the summary presentations, Fr. Biju Vadakkel, who is the co-ordinator for the renewal programme in the Chavara Vice- Province, joined us to give the concluding message. It was a time for deep reflection and analysis for everyone. Let us hope and pray that we imbibe the true spirit of CMI charism and carry out our mission with more vigour and enthusiasm.

### Canonical Visitation by Fr. Prior General



The first canonical visitation by Fr. Thomas Chathamparampil, the Prior General, began on 16th October in Devdarshan Provincial House. All the members of the Provincial House together with the provincial council were present. Fr. General met all the members of the Provincial house and also the members of the Provincial Council and the Provincial Auditor. After these individual meetings there was a GCPC meeting with all the members of the General Council and the Provincial Council. On 18 October, there was a common meeting of the members of the province in the afternoon.

Fr. General addressed the gathering and shared his experience after the visitation and shared his vision for the future of the province and the congregation. General Councillors and the Auditor also shared the news from their departments and their future programmes. Fr. General also released the Province Directory 2021.

### Jubilee Celebration

We celebrated the silver jubilee of the first profession of two of our fathers- Fr.Jomon Illickal and Fr Vinod Poovakottu on 2nd October in the St. Xavier's School Campus, Junagadh. Fr Jomon is rendering pastoral service in Germany and Fr Vinod is working in Junagadh School.

The concelebrated mass was celebrated by the Jubilarians flanked by Fr. Provincial and Fr. Jose Kochupoovakottu.

May God's work continue through their lives.




### Reopening of Schools

After the Diwali holidays, our schools are reopened with offline classes. The High School section was already having offline classes before the holidays itself. Most schools are reporting good response from the students and a good number of students prefer to come to school rather than attending the online mode. However, the number of students attending in the lower classes is less.

## ST JOHNS PROVINCE, BIJNOR

### Golden Bells in Bijnor

Bijnor Mission is on the threshold of completing fifty years of mission work in this land of gods(Devabhoomi).

The ecclesiastical unit of Bijnor was created as an Apostolic Exarchate on 23 March, 1972 by Pope Paul VI and was entrusted to the Sacred Heart Province of the Carmelites of Mary Immaculate for the work of evangelization. Rev. Fr. Gratian Mundadan CMI was appointed the Apostolic Exarch. It was bifurcated from the Diocese of Meerut. At present, the Eparchy of Bijnor consists of a part of the district of Bijnor in Uttar Pradesh and districts of Pauri, Rudraprayag, Chamoli, Tehri, Uttarkashi and a part of Haridwar in Uttarakhand.

Pope Paul VI raised the Apostolic Exarchate of Bijnor to an eparchy on 26 February, 1977 and Apostolic Exarch Gratian Mundadan CMI was appointed its first Bishop.

Msgr. Gratian Mundadan CMI was the first superior of the CMIs working in Bijnor. In 1978, the CMIs serving in the mission of Bijnor were constituted into a Mission Unit and Fr. Raymond Mancheril was appointed Mission Superior. The Mission Unit was raised to the status of a Mission Region and Fr. Basil Pynadath was appointed its first Regional Superior on 27 October, 1981. Frs. George Edathiparambil, Mathew Vazhappilly and Augustine Keemattam succeeded him as regional superiors.

On 11 January, 1991, the CMI General Synaxis raised St. John's Region to a Vice-Province. Fr. Augustine Keemattam was elected the first Provincial of the Vice-Province on 11 April, 1991. The Vice-Province was formally inaugurated by Fr. Thomas Mampra, the Prior General on 27 February, 1992.

Hitherto, the single task of the CMIs in Bijnor was to take Christ's message of love to the Himalayan valleys and the

Gangetic plains. But with the change of times the calls were coming from beyond the Himalayas too. At present, St. John's Province is rendering service of its members in the dioceses of Bijnor, Meerut, Agra, Bareilly and Lucknow in India, Kumasi, KonongoMampong and Goaso in Ghana, Africa, the Vicariate of Nepal, UK, Germany and USA.

As part of the inauguration of the jubilee celebration the jubilee lamp was lit by Rev.Fr. Provincial, Fr. Benny Tettayil in a virtual gathering of members of the province due to pandemic situation. The Jubilee candle was given to all the communities, which was lit at the time of the jubilee celebration in all communities. The celebration was marked with the presence of Rev. Fr. Prior General who was the chief guest of the day. He expressed his sincere thanks to all the members of the Bijnor Province for their marvelous contribution to the CMI congregation and the universal Church. It was a matter of profound joy that the main architect of the mission Bp. Gratian addressed the virtual gathering, sharing his rich experiences in the mission and his dream ahead. The celebration was coloured with the sharing of all the previous mission Superiors and Provincials. A combined celebration of the jubilee together with the diocese of Bijnor is planed ahead. We have circulated a jubilee prayer thanking the Lord for the wonderful protection he has given us during the past 50 years.

## MARY MATHA PROVINCE, HYDERABAD

### Novitiate Entrance

Two of our postulants began their canonical novitiate in two different Novitiates on 8th September, 2021 on the Feast of the Nativity of Blessed Virgin Mary. They are Bro. Shoji and Bro. Jeethu. Bro. Shoji started his Novitiate at Little Flower Novitiate Neriamangalam and Bro. Jeethu at Chavara Dham, Budhini Bhopal. Rev. Fr. George Kallukalayil our Vicar Provincial and two of our members from Mary Matha Ashram, Chowara attended the initiation ceremony at Neriamangalam Novitiate. Let us keep them in our prayers.

### Visit of Mar Ephrem Narikulam

His Excellency Mar Ephrem Narikulam Bishop of Chanda Diocese made a fraternal visit to CMI Provincial House, Bellampalli in the last week of September, 2021. He stayed with us and on the next day celebrated the Holy Mass and prayed for the departed souls of the veteran missionaries of the Chanda mission.

### Canonical Visitation of Fr. Provincial

Canonical visitation to the houses and institutions by the Provincial and auditor was held in October 2021.

### Conclusion of Rosary Month

The month of October is very significant as it is dedicated to Mother Mary. We started our special rosary and special prayers to Blessed Virgin Mary from 22nd October along with our workers, residential teachers and neighbouring community. We prayed solemn rosary in

the grotto of our Provincial House. Every day after the rosary our third year and first year aspirants gave meaningful and touching speech on different dimensions of Mother Mary's life.

### Canonical Visitation of Fr. Prior General

The Canonical Visitation of Fr. Prior General began officially on Saturday October 30, 2021 at the CMI Provincial House with the celebration of Holy Mass. The Visitation got over on Sunday October 31, 2021 with the general gathering of the members of the province.

### Renewal Programme

The renewal programme of the CMI Hyderabad Province and Chanda Province was held together on 9th and 10th of November, 2021 at CMI Provincial House Bellampalli. Very Rev. Fr. Thomas Chathamparampil CMI, Prior General inaugurated the two day programme. During his inaugural address Fr. Prior General highlighted the importance of renewed thoughts, ideas and technology in our apostolate and asked everyone to acquire the same in order to develop the province according to the expectations of the Congregation as well as of the people.

### Minor Seminarians at CMI Provincial House Campus

Thirteen fourth year minor seminarians and their Rector and Animator from the Diocese of Idukki visited CMI Provincial House on 21st November, 2021. We had a very good time of interaction with each other. They were given mementos of St. Chavara.

### Visit of Veteran Missionary from America

Fr. George Manjapilly CMI came to our seminary to visit our brothers. He shared his memorable mission experience of the United States of America with brothers. It was an enriching session.

### Winter Basket Ball Coaching Camp

There was a basketball coaching camp along with skill development games by Fr. George Athappilly CMI. The basketball coaching class helped the brothers to improve the quality of the game.

### Publication of Book

The Department of Education and Media cheers our scholastic Jithin Shaji for his maiden book – "PACHA" – Let Life Bloom – consisting of poetry and noble thoughts. It is in Malayalam and published by Mazhathulli publication and sponsored by Marian Voice CMI Hyderabad.



# SACRED HEART PROVINCE, KOCHI

### Canonical Visitation

Rev. Fr. Prior General and his Councillors made their canonical visit to Sacred Heart Provincial House from 16 to 18 of August 2021. They had a fruitful discussion with the members of the provincial house, superiors and the heads of the institutions.

### Smrthivandanam



To commemorate the memories of the departed members of the province Smrthivandanam was organized at Sacred Heart Monastery, Thevara, St Joseph's Monastery, Koonammavu, Little Flower Monastery, Manappuram, Christ the King Novitiate Monastery, Karukutty, St. Antony's Monastery, Aluva, Assumption Monastery, Neeleeswaram, Sevagram, Pothy and at the Provincial House in the month of November. The family members of the departed brethren were invited, the ceremony included the Divine Liturgy, Prayers for the dead, the commemoration of the departed brethren and the Agape.

### Conclusion of the Year St. Joseph



To mark the conclusion of the Year of St. Joseph, the members of the province gathered at St. Joseph's Monastery, Koonammavu the only Monastery of the province named after St Joseph.

The Celebration included the Solemn Divine Liturgy in which Fr. Provincial was the celebrant and all the fathers having St. Joseph as their Heavenly patron were the concelebrants. The Input session was led by Rev. Fr. Joy Ainiyadan, the Vicar General of the Ernakulam - Angamaly Archdiocese.

### Vestition & First Profession



18 brothers, at the Little Flower Novitiate, Karukutty after prayers and reflec-

tions and the completion of the Canonical Novitiate period made their Vestition and the First Profession on 8th December 2021.

### Renewal Programme

Renewal Programme for the members of our province was conducted in two batches in the month of October at Provincial House.



### Blessing Ceremony




The comprehensive Cancer centre built at Rajagiri Hospital at par with the global standards was inaugurated by Industries Minister P Rajive on Saturday, 7 August in the presence of Fr Benny Nalkara, CMI, the Provincial. Inauguration of new OT and ICU complex was graced by Bishop emeritus Thomas Chakiath.

The blessing of the newly built east campus at Thevara Sacred Heart College was conducted by Rev. Fr. Benny Nalkara, on 17 October, 2021.

### Jubilee Inauguration

The Inauguration of the Silver Jubilee Celebrations of the Christ the King Monastery Parish was Graced by His Excellency Thomas Chakiath and the Souvenir was released by Sri Roshi Augustine, Hon. Minister for Water Resources on 26 November, 2021.

### Achievements

Fr Francis Manavalan has successfully defended his PhD thesis on the topic "The impact of Mirror neuron based cause related marketing communication on customer attitude towards corporate image in India" at Don Bosco University, Guwahati.

Fr. Jojo Parecattil successfully defended his second doctoral dissertation, "Tattvamasi: An Anthropological Inquiry into Tvam" on 28.8.2021 at Dharmaram Vidya Kshetram, Bengalauru.

### Honours

Rev. Fr. Benny Nalkara, Provincial is appointed as a member of the Complaints Redressal Committee for Autonomous Colleges under M G University. Congratulations dear father Provincial.

Rev Fr. Jose Kuriedath is elected as the Secretary to the Catholic Engineering Colleges Management Association. All the very best dear Fr. Jose.

### Reaching out

The distribution of the Sahrudaya- Santhwana higher education Scholarship was held on 30th October at Rajagiri College of Social Sciences. Fr. Provincial handed over the scholarships in the presence of Rev Fr. Paul Nedumchalil, the Chairman and other General Body members.



## ST. JOSEPH PROVINCE, KOTTAYAM

### ആദ്യവ്രതാർപ്പണം



ദർശനാ കപ്പാട് സി.എം.ഐ. നൊവിഷ്യേറ്റിൽ നിന്നും 16 സഹോദരങ്ങൾ ഡിസംബർ 8-ാം തിയതി കുര്യനാട് സെന്റ് ആൻസ് ആശ്രമത്തിൽ വച്ച് ആദ്യവ്രതാർപ്പണവും സഭാവസ്ത്രസ്വീകരണവും നടത്തി.

### പൗരോഹിത്യ സ്വീകരണത്തിന്റെയും, ആദ്യവ്രതാർപ്പണത്തിന്റെയും സുവർണ്ണ ജൂബിലി ആഘോഷം

പ്രവിശ്യയിൽ പൗരോഹിത്യസ്വീകരണത്തിന്റെയും ആദ്യവ്രതാർപ്പണത്തിന്റെയും സുവർണ്ണ ജൂബിലി ആഘോഷം പ്രവിശ്യാതലത്തിൽ സെപ്റ്റംബർ 25-ാം തിയതി പാലാ സെന്റ് വിൻസെന്റ് ആശ്രമത്തിൽ നടന്നു. ഫാ. മാത്യു കല്ലമാക്കൽ, ഫാ. അലക്സാണ്ടർ തണ്ണിപ്പാറ, ഫാ. ജെയിംസ് വഴനയ്ക്കൽ, ഫാ. ലൂക്കോസ് പറയരുത്തോട്ടം, ഫാ. ജെയിംസ് നടുവിലേക്കുറ്റ് എന്നിവർ തിരുപ്പട്ടസ്വീകരണത്തിന്റെയും, ഫാ. മാത്യു മാടയാങ്കൽ, ഫാ. പോൾ ചെമ്പിളാംപറമ്പിൽ, ഫാ. സെബാസ്റ്റ്യൻ കൈതമറ്റം, ഫാ. ജേക്കബ് പൊരിയത്ത് എന്നിവർ സന്ന്യാസ സമർപ്പണത്തിന്റെയും സുവർണ്ണ ജുബിലി ആഘോഷിച്ചു. ഇവരിൽ അമേരിക്കയിൽ ശുശ്രൂഷചെയ്യുന്ന ഫാ. പോൾ ചെമ്പിളാംപറമ്പിൽ, ഫാ. സെബാസ്റ്റ്യൻ കൈതമറ്റം, ഫാ. ജേക്കബ് പൊരിയത്ത് എന്നിവരുടെ വ്രതാർപ്പണത്തിന്റെ സുവർണ്ണ ജുബിലി ആഘോഷങ്ങൾ കാനോനിക വിസീത്തയുടെ അവസരത്തിൽ അച്ചന്മാരുടെ സഹവാസ സമ്മേളനത്തോടുകൂടി നടന്നു.

### ബഹു. ബ്രൂണോ കണിയാരകത്ത് നാമകരണനടപടികൾക്ക് തുടക്കം

കുര്യനാട് ആക്രമത്തിൽ അന്ത്യവിശ്രമംകൊള്ളുന്ന ബ്രൂണോ കണിയാരകത്തച്ചന്റെ നാമകരണപരിപാടികൾക്ക് രൂപതാതലത്തിൽ ആരംഭമായി. നാമകരണനടപടികളുടെ വൈസ്പോസ്റ്റുലേറ്ററായി തോമസ് കൊല്ലംപറമ്പിൽ അച്ചൻ നിയമിതനായി. ഡിസംബർ 15 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് കുര്യനാട് ആശ്രമത്തിൽ വച്ച് ഇതുമായി ബന്ധപ്പെട്ട ഔദ്യോഗികമായ പ്രഖ്യാപനം വി. കുർബാന മദ്ധ്യേ നടത്തി.

### പ്രൊവിൻഷ്യാളച്ചന്റെ അമേരിക്ക - പെറു സന്ദർശനം

പ്രൊവിൻഷ്യാളച്ചൻ 2021 നവംബർ 8 മുതൽ 16 വരെ അമേരിക്കയിലും 17 മുതൽ ഡിസംബർ 3 വരെ പെറുവിലുമായി കാനോനിക സന്ദർശനം നടത്തി. എല്ലാ പ്രവിശ്യാംഗങ്ങളെയും സന്ദർശിക്കുകയും, ക്ഷേമാന്വേഷ

ണങ്ങൾ നടത്തുകയും ചെയ്തു. ഉയിർപ്പു തിരുനാളിനുശേഷം മോയിബാംബ എന്ന ഒരു പുതിയ രൂപതയിൽ കൂടി അജപാലന ശുശ്രൂഷ ഏറ്റെടുക്കാമെന്ന തീരുമാനമുണ്ടായി. ഇപ്പോൾ 16 അച്ചന്മാർ നാലു രൂപതകളിൽ അജപാലന ശുശ്രൂഷ നടത്തുന്നു.



## റിന്യൂവൽ പ്രോഗ്രാം



Renewal 2.0 Anugraha Renewal Center, Vazhoor

പ്രവിശ്യയിൽ 2021 ഒക്ടോബർ 29, 30, നവംബർ 5, 6 തീയതികളിൽ രണ്ടു ഘട്ടങ്ങളിലായി വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ വച്ച് റിന്യൂവൽ പ്രോഗ്രാം നടത്തപ്പെട്ടു.

## സാൻജോ എഡ്യുക്കേറ്റേഴ്സ് മീറ്റ് 2021

പ്രവിശ്യയിലെ എയ്ഡഡ് - അൺ എയ്ഡഡ് സ്കൂളുകളിലെ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, അഡ്മിനിസ്ട്രേറ്റേഴ്സ്, മാനേജേഴ്സ് എഡ്യുക്കേറ്റേഴ്സ് മീറ്റ്-2021, മുത്തോലി ചാവറ വാലി ക്യാമ്പസിൽ വച്ച് ഒക്ടൊബർ 31 ഞായറാഴ്ച നടത്തപ്പെട്ടു.

## പ്രളയബാധിത മേഖലകൾക്ക് സഹായം

മഴക്കെടുതികൾ മൂലം ദുരിതമനുഭവിച്ച മുക്കുളം, ഏന്തയാർ, കുട്ടിക്കൽ മേഖലകളിൽ സന്ദർശനം നടത്തുകയും പ്രാഥമികമായ സഹായങ്ങൾ സാമൂഹികക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ നൽകുകയും ചെയ്തു. പ്രാഥമിക വൈദ്യസഹായവുമായി കാഞ്ഞിരപ്പള്ളി മേരിക്യൂൻസ് ആശുപത്രിയും ദുരിതമേഖലകളിൽ സഹായത്തിനെത്തി. മുത്തോലി മേരിക്യൂൻസ് മൈനർ സെമിനാരിയിലെ വൈദികാർത്ഥികളും റെക്ടറച്ചനും അടങ്ങുന്ന ടീം ഒരുദിവസത്തെ സന്നദ്ധപ്രവർത്തനങ്ങളുമായി അവരോടൊപ്പം എത്തി. ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, വീടു നിർമ്മാണം, എന്നീ മൂന്നു മേഖലകളിൽ ഈ പ്രദേശത്ത് പ്രവിശ്യയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനം നടക്കുന്നു.

## പുസ്തക പ്രകാശനം

ആരാധനക്രമാധ്യാത്മികതയിൽ അഗാധമായ പാണ്ഡിത്യമുള്ള ബഹു ചാൾസ് പൈങ്ങോട്ടച്ചന്റെ പുതിയ പുസ്തകം *സുറിയാനിക്കാരുടെ സഭാ ജീവിതവും ചില ചരിത്ര രേഖകളും* ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പ്രകാശനം ചെയ്തു. സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവുമായി ബന്ധപ്പെട്ട ആധികാരിക ചരിത്രഗ്രന്ഥങ്ങൾ ആധാരമാക്കി തയ്യാറാക്കിയ ഈ ഗ്രന്ഥം സുറിയാനി സഭക്ക് വലിയൊരു മുതൽ കൂട്ടാണ്.

## നിയമനം

വത്തിക്കാന്റെ വിശ്വാസതിരുസംഘത്തിന്റെ 28 അംഗങ്ങൾ അടങ്ങിയ അന്താരാഷ്ട്ര ദൈവശാസ്ത്ര സമിതിയിലേക്ക് കൊല്ലം പറമ്പിലച്ചൻ വീണ്ടും നിയമിതനായി. അടുത്ത അഞ്ചു വർഷത്തേക്കാണ് ഈ നിയമനം.



# ST. JOSEPH'S PROVINCE, THIRUVANANTHAPURAM

### First Religious Profession & Novitiate Commencement

The Vestition and First Religious Profession of Bro Arun Thomas Vithuvattickal and the commencement of the Canonical Novitiate of six of our postulants were celebrated on September 8. Rev Fr Provincial solemnized the ceremony.

### Renewal 2021

CMI Renewal 2021 had been called for by Very Rev Fr Prior General as part of his First Canonical Visitation. In order to 'make our God-experience, Religious Life and Mission relevant by reading the signs of the times' our province conducted the Renewal Program zone wise.

### പുസ്തക പ്രകാശനം

വി. യൗസേപ്പ് പിതാവിന്റെ വർഷാചരണത്തിന്റെ ഭാഗമായി വി. യൗസേപ്പ് പിതാവിനെക്കുറിച്ച് ഫാ. ഫ്രാൻസീസ് വള്ളപ്പുര സി. എം. ഐ. എഴുതിയ **നീതിമാൻ യൗസേപ്പിതാവ്** എന്ന പുസ്തകം ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ്, അതിരൂപതാ മാതൃ-പിതൃവേദി ഡയറക്ടർ, ജോസ് മുകളേൽ അച്ചന് നൽകി പ്രകാശനം ചെയ്തു.

വി. യോഹന്നാന്റെ ലേഖനങ്ങളുടെ വ്യാഖ്യാനത്തെയും അവയുടെ ക്രിസ്തീയ വീക്ഷണത്തെയും കേന്ദ്രീകരിച്ച് ബഹു. ആന്റണി ഇടനാടച്ചൻ **വിശ്വാസവും പ്രതിസന്ധിയും** എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

### Congrats

Fr Jojo Thuruthayil has been re-elected for the fourth time as the co-ordinating convener of ISC Examination of Kolkata region.

Dn Libin Kottapuram obtained the first place in the comprehensive viva-voce exam of BTh at DVK, Bangalore. Bro Chris Padiyara and bro Arun Kariyil secured the top in the Viva-voce exams of BPh at DVK, Bangalore and Darsana, Wardha, respectively.

### Visit of Apostolic Nuncio

Archbishop Leopoldo Girelli, Apostolic Nuncio to India was given a warm welcome at Lourdes Forane Church, Trivandrum, where Rev. Fr Provincial, Sebastian Chamathara CMI, was also a chief guest.

### A kit for a kid

പ്രവിശ്യയുടെ സോഷ്യൽ അപ്പോസ്തോലേറ്റ് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി കുട്ടികൾക്കുള്ള വിദ്യാഭ്യാസ, ആരോഗ്യ വസ്തുക്കൾ അടങ്ങിയ A KIT FOR A KID ഒരു കുട്ടിക്ക് ഒരു കിറ്റ് പദ്ധതിയുടെ ഉദ്ഘാടനം പ്രൊവിൻഷ്യൽ, ബഹു. ഫാ. സെബാസ്റ്റ്യൻ ചാമത്തറ, നിർവ്വഹിച്ചു. കൈനകരിയിൽ വിശുദ്ധ ചാവറ കുര്യാക്കോസ് പിതാവിന്റെ ജന്മഗൃഹത്തിൽ വച്ചാണ് ഉദ്ഘാടനം ചെയ്തത്. പ്രവിശ്യാ പരിധിയിലുള്ള ഇടവകകളിലേയും സ്കൂളുകളിലേയും 1000-ൽ അധികം അർഹരായ കുട്ടികൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്.

### Sargakshethra COVID Relief Work

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർഗ്ഗക്ഷേത്രയും - സീഡ്സ് ഇന്ത്യയും ചേർന്ന് കറുകച്ചാൽ ബ്ലോക്കിന്റെ കൺട്രോൾ സെന്ററിന്റെ നിയന്ത്രണത്തിലുള്ള 5 പഞ്ചായത്തുകൾക്കും ഒരു മുനിസിപ്പാലിറ്റിക്കും വാകത്താനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിനും 10 ഓക്സിജൻ കോൺസെന്റ

ട്രേറ്ററുകളും അനവധി മാസ്കുകളും വിതരണം ചെയ്തു.

### കുട്ടികൾക്ക് കോവിഡ് സെന്റർ

സർഗ്ഗക്ഷേത്രയും സീഡ്സ് ഇന്ത്യയും ചേർന്ന് ചങ്ങനാശേരി ജനറൽ ആശുപത്രിയിൽ കുട്ടികൾക്കായി തയ്യാറാക്കിയ കോവിഡ് സെന്റർ എം. എൽ. എ. ശ്രീ ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു.

### Cleaning Drive

Sargakshetra Charitable Society, in collaboration with Sacred Heart College Thevara, Carmel Polytechnic Punnapra, and Immaculate Conception Monastery Muttar, organised a volunteer service team to clean the worst-affected regions of Vadakkemala following the devastating flood. For the cleaning purpose, about a hundred volunteers worked together as a team together with scholastics from S H Monastery, Chethipuzha.

### Distribution of Hygiene Kit

The Sargakshetra team visited flood-affected communities and distributed hygiene kits to individuals in desperate need.

### Sargakshetra – Sourya Transgenders' Meet

Sargakshetra Cultural Charitable and Academic Center, in collaboration with the Women's Forum, hosted SOURYA 2021, a Transgenders' Meet. Archbishop Mar Joseph Perumthottam inaugurated the function. The program's major goal was to create a public platform for transgender people, who are a vulnerable group in the society.

### Vestition and First profession



Like the First 11 forefathers six Novices of Bijnor Province and five of Thiruvananthapuram Province took their first vows at St Joseph's Monastery, Mannanam, on 8 December 2021. Fr Sebastian Chamathara CMI, Provincial, was the main celebrant. Mar Gratian Mundadan CMI, Bishop Emeritus of Bijnor, gave an inspiring homily.

### Perpetual Adoration Chapel

A perpetual Adoration Chapel dedicated to St Joseph was blessed by Rev Fr Sebastian Chamathara CMI, Provincial, on 08 December 2021 at St Mary's Ashram, Cheepunkal.

### The New Campus

The new campus of Christ Nagar International School at Kazhakootam, Trivandrum, was inaugurated by Hon'ble Minister of General Education, Mr. V. Sivankutty. The building was blessed by Rev. Fr. Thomas Chathamparambil CMI, Prior General of the CMI Congregation. Rev Fr Sebastian Chamathara CMI, Provincial, presided over the meeting. Hon'ble MLA Mr. Kadakampally Surendran unveiled the plaque.

# THROUGH THE INTITUTIONS

## DHARMARAM COLLEGE, BANGALORE

**Riposa in pace padre!**



The first death Anniversary of Rev. Fr. Thomas Vithayathil CMI was commemorated on 14th August. The Requiem Mass was celebrated in the evening by Fr Rector and Fr. Benny Tharakunnel reflected on the blessed life of Fr. Thomas in his homily. Later, there was a Smarananjali, where Fr. John Marius, Fr. Thomas Kollamparampil, Fr. Biju Kunnumpuram, and Bro. Akhil Kuzhimattathil shared their wonderful memories about the saintly life of beloved Thomachan who scripted a legacy of holiness for Dharmaram life.

**Brillar 2021 – To Shine Forth**

The Literary and Cultural Academy(LCA) of Dharmaram opened its platform with a variety of programs this year. Brillar 2021 was inaugurated on August 8th 2021 with many cultural events by our brothers like orchestra, dance and a UV show.




**Visual Creations**

Brothers of C- section released a Malayalam song devoted to our Blessed Mother. The song was scripted by Bro. Shijo Tharayil of C-Section.

Bro. Thomas Kappil of E- section released a Syrian Marian Hymn titled, "Emme d'lahen" on his YouTube channel, Malpan CMI.

In the evening, the remains were brought to Bharathamatha Ashram. On 1 June 2021 in the morning, many CMI members joined the community in prayer, observ ing Covid-19 protocol. At 2 pm, the second part of funeral rites started and Requiem Mass followed, which was officiated by Fr. Josey Thamarassery CMI (Vicar General). The co-celebrants were Fr Saju Chackalackal (Provincial, Preshitha Province), Fr Davis Panackal (Provincial, Devamatha Province), Fr Johnson Valiyakulathil (Vicar Provincial, Preshitha Province) and Fr. Rupert Panikulam (Prior, Bharathamatha Ashram, Palakkad). In his homily, Fr. Anto Vattakuzhy highlighted Fr Vineeth's simplicity, truthfulness, integrity, mystical leanings, and great initiations into ashram life with its basis in the Indian-Christian ethos. The last part of the funeral rites was officiated by Mar Jacob Manathodath, Bishop of Palakkad. The remains were interred in Bharathamatha cemetery

Let us pray for him by offering the suffrages for the dead. in the tenor of CMI Directory, No 58b



# Fr. Jacob Savio Menachery CMI
# (1945-2021)

| | | | |
|---|---|---|---|
| **Birth** | **: 24/02/1945** | **Profession** | **: 15/05/1967** |
| **Ordination** | **: 31/12/1977** | **Death** | **: 18/08/2021** |

Rev Fr. Jacob Savio Menachery was born on 24 February, 1945 to Mr. Paul and Mrs. Thressia at Mukkattukara village in Thrissur District, as the sixth child among the nine children. One of his sibling sisters is a nun.

Fr Jacob earnestly desired to become a priest and lead a simple life in Christ. His motto was “to me to live is Christ and to die is a gain” (Phil: 1.21). He thus joined as an aspirant at St. Pius X Aspirants House, Varandarappilly and made the first religious profession on 16 May, 1970. Fr. Jacob completed his philosophy and theology course from Dharmaram College, Bangalore.

He was ordained a priest on 31 December, 1977, by Mar, Joseph Kundukulam, the then Bishop of the diocese of Thrissur. As a priest, Fr. Jacob provided his sincere and valuable service as Vicar and Asst. Vicar at various Churches in the Arch diocese of Thrissur, for 25 years, and in the diocese of Irinjalakuda for over 8 years. Being an amiable leader, Fr. Jacob was a dynamic clergy who worked for the religious in the Churches wherever he served. Elthuruth, Pavaratty, Ambazhakad, Varandarappilly, Kadalundy, Chalakudy, Azhikode, Kormala, Irinjalakuda, Snehagiri etc. are some of the CMI communities where Fr. Jacob served. He was a school teacher in Pavaratty, Elthuruth and Chalakudy. He had been to Kenya as a missionary to preach the good news of Jesus Christ.

While serving as a member of Snehagiri CMI Bhavan, he suffered certain age-related ailments. Therefore, he moved to Amala Hospital at Thrissur for better treatment and stayed at Santhwanam - retirement home for CMI members. During his days at San-

thwanam, his condition worsened and he finally succumbed to his ailments at Amala Hospital. He left for his heavenly abode at 2.30 pm on 18 August, 2021

His mortal remains were taken to St. Mary's Monastery at Elthurth, and the funeral service was held on 19 August, 2021. Arch bishop Mar. Andrews Thazhath, of the Arch diocese of Thrissur, Bishop Mar. Pauly Kannukadan, of the diccess of Irinjalakuda, Bishop Mar. Tony Neelankavil, the Auxiliary Bishop of Arch diocese of Thrissur, Fr. Josey Thamarassery, the Vicar General of CMI Congregation, Fr. Davis Panakkal, Provincial of CMI Devamatha Province, Fr. Joy Vattoly (Jr), the Superior of Snehagiri CMI Bhavan along with the other CMI members officiated at the funeral ceremony. Fr. Thomas Ambookkan CMI delivered the homily during which he eloquently presented the life and other activities of Fr. Jacob. Fr. Jacob was a holy priest who was always happy. He loved everyone without discrimination and everyone loved his presence. His kind and loving gestures always exhibited spiritual reflection.

His life for Christ, his service to humanity, and his teachings to ignite faith have created an everlasting impact in the minds of all those who were associated with him. May his noble soul rest in the tranquility of heavenly peace!

Let us all pray for Fr. Jacob by offering the suffrages for the dead in the tenor of our Directory No. 58(b).



**ഫാ. ജോസഫ് മാടശ്ശേരി സി.എം.ഐ.**

**(1936–2021)**

| | | | |
|---|---|---|---|
| **ജനനം** | : 20/01/1936 | **വ്രതം** | : 16/05/1960 |
| **തിരുപ്പട്ടം** | : 17/05/1967 | **മരണം** | : 03/09/2021 |

സി.എം.ഐ. കൊച്ചി, തിരുഹൃദയ പ്രൊവിൻസിലെ തേവര തിരുഹൃദയ ആശ്രമാംഗമായ ബഹു. ജോസഫ് മാടശ്ശേരി അച്ചൻ 2021 സെപ്റ്റംബർ 3 വെള്ളിയാഴ്ച അർദ്ധരാത്രിയിൽ എൺപത്തിയഞ്ച് വർഷം നീണ്ട തന്റെ ഇഹലോക ജീവിതം വെടിഞ്ഞ് കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതസംസ്കാര ശുശ്രൂഷ അതേ ദിവസം ഉച്ചതിരിഞ്ഞ് 3 മണിയോടുകൂടി ആശ്രമദേവാലയത്തിൽ നടത്തി

എറണാകുളം അങ്കമാലി അതിരൂപത മൂക്കന്നൂർ സെന്റ് മേരീസ് ഇടവകയിൽ മാടശ്ശേരി കുടുംബത്തിലെ പരേതരായ പൗലോ ത്രേസ്യ ദമ്പതികളുടെ ആറുമക്കളിൽ രണ്ടാമനായി ജോസഫ്

അച്ചൻ 1936 ജനുവരി 20-ന് ഭൂജാതനായി. കുഞ്ഞ് യൗസേപ്പ് എന്നായിരുന്നു പ്രിയമുള്ളവരെല്ലാം അദ്ദേഹത്തെ വിളിച്ചിരുന്നത്. മൂക്കന്നൂർ എസ്.എച്ച് ഓർഫനേജ് സ്കൂളിലെയും സെന്റ് അലോഷ്യസ് എൽത്തുരുത്തിലേയും വിദ്യാഭ്യാസത്തിനുശേഷം സി.എം.ഐ. സഭയിൽ ചേർന്നു. ആദ്യകാല സെമിനാരി പഠനം ആലുവ ആശ്രമത്തോടു ചേർന്നുള്ള യോഗാർത്ഥി ഭവനത്തിൽ പൂർത്തിയാക്കിയ അദ്ദേഹം 1960 മെയ് 16-ന് ആദ്യവ്രതാർപ്പണം ചെയ്തു. 1963 മെയ് 16-ന് നിത്യവ്രതാർപ്പണം നടത്തുകയും തുടർന്ന് ധർമ്മാരാം കോളേജിൽ വൈദികപഠനം പൂർത്തിയാക്കി 1967 മെയ് മാസം 17-ന് പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു.

54 വർഷം നീണ്ടു നിന്ന അദ്ദേഹത്തിന്റെ പൗരോഹിത്യ സന്യാസജീവിതം സഭ ഏൽപ്പിച്ച വിവിധങ്ങളായ ശുശ്രൂഷകളാൽ സമ്പന്നവും അനുഗ്രഹീതവുമായിരുന്നു. പൗരോഹിത്യ സ്വീകരണത്തിനുശേഷം മൈസൂർ ഗോണി കൊപ്പയിൽ സഹവികാരിയായും എസ്റ്റേറ്റ് സൂക്ഷിപ്പുകാരനായും അദ്ദേഹം നിയോഗിക്കപ്പെട്ടു. തുടർന്ന് രാജ്കോട്ടിൽ സുപ്പീരിയറായും യോഗാർത്ഥികളുടെ റെക്ടറായും സേവനം ചെയ്തു. കാരിക്കാമുറി പ്രസ്സ് മാനേജർ, പൂനെ ഭവനത്തിൽ അസിസ്റ്റന്റ് റെക്ടർ, ആത്മീയഗുരു, മണപ്പുറം ഹോസ്പിറ്റൽ ഡിറക്ടർ, കളമശ്ശേരി പ്രവിശ്യ കൗൺസിലർ, സുപ്പീരിയർ, കൊരണ്ടക്കാട് സുപ്പീരിയർ, വികാരി തുടങ്ങിയ വൈവിധ്യമാർന്ന ശുശ്രൂഷകൾക്കുശേഷം 2005 മുതൽ 2017 വരെ ഏകദേശം 12 വർഷത്തോളം ധർമ്മാരാം കോളേജ് ബംഗ്ലൂരിൽ വൈദിക വിദ്യാർത്ഥികളുടെ ആത്മീയ ഗുരുവായും കുമ്പസാരക്കാരനായും അദ്ദേഹം സ്തുത്യർഹമായ സേവനങ്ങൾ ചെയ്തു.

ജീവിതകാലം മുഴുവൻ വളരെ ശാന്തശീലനായിരുന്ന ജോസഫ് അച്ചൻ ആശ്രമത്തിലെ സമൂഹ ജീവിതത്തിൽ ഏറെ ഊർജ്ജസ്വലതയോടെ പങ്കെടുത്തിരുന്നു. ഹൃദയം തെളിക്കുന്ന വഴിയിലൂടെ നടന്നു നീങ്ങിയ അദ്ദേഹം എല്ലാവർക്കുമായി സമയം നീക്കിവെച്ചിരുന്ന വ്യക്തിയായിരുന്നു. തന്റെ വേദനകളിൽ ഒരിക്കൽപ്പോലും പരിതപിക്കാതിരുന്ന ജോസഫ് അച്ചൻ ഒരു സഹനദാസനായിരുന്നു. അദ്ദേഹം ആഴമായ പ്രാർത്ഥനാജീവിതവും ആത്മീയ ജീവിതവും നയിച്ചിരുന്നു. വിശാലമായ അധ്യാത്മികജ്ഞാനം അച്ചന്റെ എല്ലാ പ്രവർത്തനങ്ങളിലും സമ്പന്നമായി നിന്നിരുന്നു. ഒന്നും ആർജ്ജിക്കാനോ പരിഭവം പറയാനോ ശ്രമിക്കാതിരുന്ന ജോസഫ് അച്ചൻ സമൂഹത്തിന് വലിയ മാതൃക ആയിരുന്നു. ഒരു സന്യാസി തണ്ടാകുന്ന ഈശോയോട് ചേർന്നിരുന്ന് ആത്മീയ കൃപയുടെ ജീവരസം സ്വീകരിച്ച് അത് വിതരണം ചെയ്യുന്ന വ്യക്തിയാകണം എന്നതായിരുന്നു സന്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. അദ്ദേഹത്തിന്റെ ഈ കാഴ്ചപ്പാടുകൾ ശരിവെക്കുന്ന തരത്തിൽ വിശ്വസ്തത പുലർത്തിക്കൊണ്ടാണ് അദ്ദേഹം ഇഹലോകം വെടിഞ്ഞത്.

2017 മുതൽ തേവരയിൽ ആസ്പിരൻസ് ഹൗസ് അസിസ്റ്റന്റ് റെക്ടറായി ജോലി ചെയ്തുകൊണ്ടിരിക്കവെയാണ് അദ്ദേഹം രോഗബാധിതനാവുകയും തുടർന്ന് 2021 സെപ്റ്റംബർ 3 വെള്ളിയാഴ്ച വെളുപ്പിന് 12.30-ന് കർത്താവിന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയും ചെയ്തത്.

അന്നു വൈകിട്ട് 3-ന് സി.എം.ഐ. സഭയുടെ വികാരി ജനറൽ ഫാ. ജോസി താമരശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിലും തിരുഹൃദയ പ്രവിശ്യയുടെ പ്രവിശ്യാധിപൻ ഫാ. ബെന്നി നൽക്കരയുടെയും, മാടശ്ശേരി അച്ചന്റെ ബന്ധുക്കളായ ഫാ. ഷിന്റോ തളിയത്തിന്റെയും, ഫാ. പോൾ മാടശ്ശേരിയുടേയും, തേവര കൊവേന്തയുടെ പ്രിയോർ പൗലോസ് കിടങ്ങൻ അച്ചന്റെയും സഹകാർമ്മികത്വത്തിൽ സമൂഹബലിയോടെ അന്ത്യകർമ്മശുശ്രൂഷകൾ ആരംഭിച്ചു. ജോസഫച്ചന്റെ സഹോദരങ്ങൾ, കുടുംബാംഗങ്ങൾ, വിവിധ പ്രവിശ്യകളിലെ വൈദികർ, കന്യാസ്ത്രികൾ എന്നിവർ കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ച് മൃതസംസ്കാര ശുശ്രൂഷകളിൽ സജീവമായി പങ്കെടുത്തു. ബഹു. തോമസ് തെക്കിനിയത്ത് അച്ചൻ ചരമ പ്രസംഗം നടത്തി.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗമായ നാലാം ഭാഗത്തിന് നേതൃത്വം കൊടുത്തത് ബഹുമാനപ്പെട്ട മാർ തോമസ് ചക്കിയത്ത് പിതാവായിരുന്നു. ബഹു. ജോസഫ് മാടശ്ശേരി അച്ചനിലൂടെ സി.എം.ഐ. സഭയ്ക്കും തിരുസഭയ്ക്കും മാനവ സമൂഹത്തിലും ലഭിച്ച എല്ലാ നന്മകൾക്കും ദൈവത്തിനു സ്തുതി.

ബഹു. ജോസഫ് അച്ചന്റെ ആത്മശാന്തിക്കായി തുടർന്നും പ്രാർത്ഥിക്കാം. അദ്ദേഹത്തിനു വേണ്ടി സി.എം.ഐ. സഭാ നിയമപ്രകാരമുള്ള (D 58. a, b) പ്രാർത്ഥനകളും ഭക്താനുഷ്ഠാനങ്ങളും നിർവഹിക്കാം.



## ഫാ. അഹറോൻ വിതയത്തിൽ സി.എം.ഐ.

**(1931 – 2021)**

| | | | |
|---|---|---|---|
| **ജനനം** | : 13/11/1931 | **വ്രതം** | : 15/10/1951 |
| **തിരുപ്പട്ടം** | : 17/05/1963 | **മരണം** | : 08/09/2021 |

സി.എം.ഐ മൂവാറ്റുപുഴ കാർമ്മൽ പ്രവിശ്യയിലെ അടിമാലി ദീപ്തി ഭവൻ അംഗമായിരുന്ന ഫാ. അഹറോൻ വിതയത്തിൽ (90) സെപ്റ്റംബർ 8-ാം തീയതി 5 മണിക്ക് മൂവാറ്റുപുഴ നിർമ്മല മെഡിക്കൽ സെന്ററിൽ വച്ച് കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതദേഹം സെപ്റ്റംബർ 9-ാം തീയതി വ്യാഴാഴ്ച രാവിലെ വാഴക്കുളം ആശ്രമദേവാലയത്തിൽ കൊണ്ടുവന്നു. കാർമ്മൽ പ്രവിശ്യാധിപൻ ബഹു.മാർട്ടിൻ കൂട്ടപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനാശുശ്രൂഷകളുടെ പ്രാരംഭ ഭാഗം നടത്തി. സി.എം.ഐ. സഭയുടെ ജനറാൾ റവ. ഫാ. തോമസ് ചാത്തൻപറമ്പിൽ ഒപ്പീസ് നടത്തി. ഇടുക്കി രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് പ്ലാച്ചിക്കൽ അഹറോനച്ചന് ആദരാഞ്ജലികൾ അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 2.30 ന് മൃതസംസ്ക്കാര ശുശ്രൂഷകൾ ആരംഭിച്ചു. സമൂഹബലിക്ക് സി.എം.ഐ. വികാരി ജനറാൾ റവ. ഫാ. ജോസ്സി താമരശ്ശേരി, കാർമ്മൽ പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ ഫാ. മാർട്ടിൻ കൂട്ടപ്ലാക്കൽ, കൊച്ചി തിരുഹൃദയ പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ ഫാ.ബെന്നി നൽക്കര, അടിമാലി ദീപ്തി ഭവൻ സുപ്പീരിയർ ഫാ. ജോർജ്ജ് പൂക്കാട്ട്, അഹറോനച്ചന്റെ സഹോദരി പുത്രൻ ഫാ. സാവിയൻസ് ചിരോത എന്നിവർ നേതൃത്വം നൽകി. ശുശ്രൂഷയുടെ അവസാന ഭാഗത്തിന് കോതമംഗലം മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് നേതൃത്വം നല്കി. തേവര ആശ്രമത്തിന്റെ പ്രിയോർ റവ. ഫാ. പൗലോസ് കിടങ്ങൻ തന്റെ അനുശോചന സന്ദേശത്തിലൂടെ അഹറോനച്ചന്റെ ജീവിതത്തിന്റെ പൂർണ്ണ ചിത്രം സുന്ദരമായി വരച്ചുകാട്ടി. അഹറോനച്ചനുവേണ്ടി പ്രാർത്ഥിക്കുവാൻ രൂപതാ വൈദീകരും വിവിധ ഭവനങ്ങളിൽ നിന്നുള്ള അച്ചന്മാരും എത്തിയിരുന്നു. എറണാകുളം അങ്കമാലി അതിരൂപതയിലെ വരാപ്പുഴ പുത്തൻപള്ളി ഇടവകയിൽ വിതയത്തിൽ കൊച്ചുവർക്കി മറിയാമ്മ ദമ്പതികളുടെ ഏറ്റവും ഇളയവനായി 1931 നവംബർ 13-ാം തീയതി ബഹു അഹറോൻ അച്ചൻ

ഭൂജാതനായി. പരേതരായ സി. ഇസബെല്ല S.D, ശ്രീമതി ആലീസ് ജോൺ ചിരോത, ശ്രീ പൗലോസ്, സി.സെലസ്റ്റ്യൻ S.D എന്നിവരാണ് അഹറോനച്ചന്റെ സഹോദരങ്ങൾ.

പ്രാഥമിക വിദ്യാഭ്യാസം പുത്തൻപള്ളിയിൽ പൂർത്തിയാക്കിയ അഹറോനച്ചന്റെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വാഴക്കുളം ഇൻഫെന്റ് ജീസസ് സ്കൂളിലായിരുന്നു. 1949-ൽ SSLC പൂർത്തിയാക്കിയ അച്ചൻ മാന്നാനം സെന്റ് ജോസഫ് യോഗാർഥി ഭവനത്തിൽ ചേർന്നു. ഭാഷാപഠനത്തിന് ശേഷം അമ്പഴക്കാട് സെന്റ് തെരേസാസ് ആശ്രമത്തിൽ നവസന്യാസം പൂർത്തിയാക്കിയ അഹറോനച്ചൻ 1951 ഒക്ടോബർ 15-ാം തീയതി ആദ്യവ്രതം അനുഷ്ഠിച്ചു. 1954-ൽ ചെത്തിപ്പുഴ സെമിനാരിയിൽ ഫിലോസഫി പഠനം നടത്തി.

1956-1960 കാലഘട്ടത്തിൽ തേവര എസ്.എച്ച് കോളേജിൽ നിന്നും ഫിസിക്സിൽ പ്രശംസനീയമായ രീതിയിൽ ബിരുദമെടുത്തു. 1960-ൽ ദൈവശാസ്ത്രപഠനം ആരംഭിച്ച അഹറോനച്ചൻ 1963 മെയ് 17-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു.

കേരളത്തിൽ പുതിയ വിദ്യാഭ്യാസ സംരംഭമായ രാജഗിരി സ്വാശ്രയ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ചുമതലയാണ് ബഹു അഹറോനച്ചനെ കാത്തിരുന്നത് സ്വയം ഫീസ് പിരിച്ച് അദ്ധ്യാപകർക്ക് ശമ്പളവും നൽകി. സ്കൂൾ നടത്താൻ തയ്യാറാണോ എന്ന സർക്കാരിന്റെ വെല്ലുവിളി സ്വീകരിച്ച് ബഹു. സാലസച്ചൻ മൂന്നു സ്കൂളുകൾക്ക് അനുവാദം വാങ്ങി. അതിൽ വളർന്നു വന്നത് രാജഗിരി മാത്രമായിരുന്നു. 1964 മുതൽ 1977 വരെ ബഹു അഹറോനച്ചൻ അദ്ധ്യാപകനായും, പ്രധാനാദ്ധ്യാപകനായും ആ സ്ഥാപനത്തിന്റെ ബാല്യകാല കഷ്ടപ്പാടുകൾ പേറുന്നതിന് മുൻപന്തിയിൽ ഉണ്ടായിരുന്നു. അഹറോനച്ചന്റെ 90-ാം ജന്മദിനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് രാജഗിരി സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ ഓൺലൈനായി ജന്മദിനം ആഘോഷിച്ചു 1967-1971 കാലഘട്ടത്തിൽ കാനഡയിലെ 'അൽബേർട്ടാ' യൂണിവേഴ്സിറ്റിയിൽ നിന്നും വിദ്യാഭ്യാസത്തിൽ ബിരുദാനന്തര ബിരുദവും നേടി.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്നും മാറിയ അദ്ദേഹം 1978-ൽ ആലുവ സെന്റ് ആന്റണീസ് ആശ്രമ ശ്രേഷ്ഠനായും, 1981-ൽ പ്രൊവിൻഷ്യൽ കൗൺസിലറായും സേവനം അനുഷ്ഠിച്ചു 1983-1987 കാലഘട്ടത്തിൽ തിരുഹൃദയ പ്രവിശ്യയെ നയിച്ചത് അഹറോനച്ചനായിരുന്നു.

1987 മുതൽ ബഹു.അഹറോനച്ചൻ തന്റെ സേവനത്തിനായി തെരഞ്ഞെടുത്തത് ഇടുക്കിയുടെ അവികസിത പ്രദേശമായ വട്ടവടയായിരുന്നു. പാവപ്പെട്ടവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വിദ്യാഭ്യാസപരവും, ആരോഗ്യപരവും, ആത്മീയവും, സാമ്പത്തികവുമായ ഉന്നമനത്തിനായി അദ്ദേഹം കഠിനമായി പരിശ്രമിച്ചു. എന്റെ രണ്ടാം ജന്മദേശം എന്നാണ് അദ്ദേഹം വട്ടവടയെ വിശേഷിപ്പിച്ചിരുന്നത്. തന്റെ പിതൃസ്വത്തിന്റെ നല്ലൊരു ഭാഗം വിറ്റ് തന്റെ മിഷനു വേണ്ടി അദ്ദേഹം ഉപയോഗിച്ചു. വട്ടവടയിൽ ഒരു എയ്ഡഡ് സ്കൂൾ തുടങ്ങുന്നതിൽ നിർണ്ണായകമായ പങ്ക് അച്ചൻ വഹിച്ചു.

വട്ടവട മിഷനു ശേഷം കോതമംഗലം, കൊടുവേലി, അടിമാലി എന്നീ ആശ്രമങ്ങളിൽ ആത്മീയ ശുശ്രൂഷയിലും, അജപാലന ശുശ്രൂഷയിലും അദ്ദേഹം വ്യാപൃതനായിരുന്നു.

സഭയിലും രാഷ്ട്രീയത്തിലും നടക്കുന്ന പുതിയ ചലനങ്ങളെ തിരിച്ചറിഞ്ഞ് വിമർശന ബുദ്ധിയോടുകൂടി പ്രതികരിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. തന്റെ അഭിപ്രായങ്ങളെ പറഞ്ഞു ഫലിപ്പിക്കുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന ചാതുര്യം അസാമാന്യമായിരുന്നു. മാതാവിനോടും, ചാവറപിതാവിനോടും, കൽക്കട്ടയിലെ വിശുദ്ധ മദർ തെരേസയോടും അദ്ദേഹം നിത്യം പ്രാർത്ഥിച്ചിരുന്നു. നല്ല വായനയും, ഓർമ്മയും അവസാനം വരെ നിലനിർത്തിയിരുന്നു. സ്നേഹസമ്പന്നനും, കഠിനാധ്വാനിയും, ത്യാഗങ്ങൾ

ഏറ്റെടുക്കാൻ നല്ല മനസ്സും ഉണ്ടായിരുന്ന ബഹു അഹറോനച്ചനെ സി.എം.ഐ സഭയ്ക്കു നൽകിയ ദൈവത്തിനു നന്ദി പറയാം. ദൈവം തന്റെ രാജ്യത്തിൽ അഹറോനച്ചനെ സ്വീകരിച്ച് അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ സഭാ നിയമം അനുസരിച്ച് (D 58) ബഹു. അഹറോനച്ചനുവേണ്ടി വി.കുർബാനയും, മറ്റു പ്രാർത്ഥനകളും സമർപ്പിക്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.



## ഫാ. ജോസ് കടവിൽ സി.എം.ഐ.
## (1929 – 2021)

| | | | |
|---|---|---|---|
| **ജനനം** | : 05/12/1949 | **വ്രതം** | : 00/00/1971 |
| **തിരുപ്പട്ടം** | : 29/03/1979 | **മരണം** | : 13/09/2021 |

സി എം ഐ തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രവിശ്യയിലെ ഫാ. ജോസ് കടവിൽ (72) 2021 ഓഗസ്റ്റ് 13-ാം തീയതി രാത്രി 9:30 മണിക്ക് അടൂർ ഹോളിക്രോസ് ആശുപത്രിയിൽ വച്ച് ദിവംഗതനായി.

ശാന്തിഭവൻ ആശ്രമം Our Lady of Home for the Deaf and Blind, Higher Secondary English Medium School, മൗണ്ട് കാർമൽ സി എം ഐ സെന്റ്റൽ സ്കൂൾ, മാത്തർ ദേയി സി എം ഐ കോളേജ്, കർമലമാതാവിന്റെ നാമത്തിലുള്ള ദൈവാലയം എന്നീ മഹത്തായ സ്ഥാപനങ്ങളുടെ സ്ഥാപകപിതാവാണ് കടവിലച്ചൻ

അച്ചൻതന്നെ നിർമ്മിച്ച് രൂപംകൊടുത്ത ഏനാത്തെ ആശ്രമ ദൈവാലയത്തിൽ വച്ച് ഓഗസ്റ്റ് 15-ന് കരേറ്റമാതാവിന്റെ തിരുനാൾ ദിവസം ഉച്ച കഴിഞ്ഞ് 2.30ന് മൃതസംസ്കാര ശുശ്രൂഷകൾ സമാരംഭിച്ചു അദ്ദേഹം ആഗ്രഹിച്ചതുപോലെ ഏനാത്തുള്ള ആശ്രമപൂന്തോട്ടത്തിലെ മണ്ഡപത്തിലാണ് അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിച്ചത്. ചങ്ങനാശ്ശേരി അതിരൂപതയിൽ ചെത്തിപ്പുഴ ഇടവകയിൽ കടവിൽ ജോസഫ്, ക്ലാരമ്മ ദമ്പതികളുടെ ആറുമക്കളിൽ നാലാമനായി 1949 ഡിസംബർ 5-ാം തീയതി ജോസച്ചൻ ജനിച്ചു. എബ്രഹാം, തോമസ്സ്, എമ്മാനുവേൽ, ജോർജ്ജ്, മേരി എന്നിവരാണ് ജോസച്ചന്റെ സഹോദരങ്ങൾ പാറേൽ എൽ പി. സ്കൂൾ, ചങ്ങനാശ്ശേരി എസ് ബി ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1966-ൽ സി. എം. ഐ. സഭയിൽ യോഗാർത്ഥിയായി പ്രവേശിച്ചു. 1971-ൽ ആദ്യവ്രതം അനുഷ്ഠിച്ചു. 1979 മാർച്ച് 29-ന് അഭിവന്ദ്യ പൗളിനോസ് പിതാവിന്റെ കൈവയ്പ്പു ശുശ്രൂഷവഴി തിരുപ്പട്ടം സ്വീകരിച്ചു. കുഞ്ഞുനാൾ മുതൽ വല്യപ്പന്റെയും വല്യമ്മയുടെയും പേരമ്മമാരുടെയും സ്നേഹപരിലാളനയിലാണ് വളർന്നത്. മാതൃസഹോദരനായ ഡമഷീനച്ചന്റെയും, പൗളിനോസ് പിതാവിന്റെയും സ്വാധീനവും ചെത്തിപ്പുഴ കൊവേന്തയിലെ വൈദികരുടെ ജീവിതമാതൃകയും അദ്ദേഹത്തിന് ബാല്യത്തിൽത്തന്നെ സന്യാസജീവിതത്തിലേക്ക് പ്രചോദനം നല്കി. ബാംഗ്ലൂർ ധർമ്മാരാം കോളേജിലും തുടർന്ന് പൂനാ പൊന്തിഫിക്കൽ സെമിനാരിയിലും വൈദികപഠനം പൂർത്തിയാക്കി വൈദികനായ ശേഷം പ്രൊവിൻഷ്യാളച്ചന്റെ സെക്രട്ടറിയായും,

മാന്നാനത്തു വൈദികവിദ്യാർത്ഥികളുടെ അധ്യാപകനായും ശുശ്രൂഷ ചെയ്തു. കന്യാകുമാരി ജില്ലയിലെ മണ്ഡപത്തിൻകടവ്, കളിയൽ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അയിരൂർ ആശ്രമത്തിന്റെ സുപ്പീരിയറായിരിക്കുമ്പോഴാണ് ഉപരിപഠനത്തിനായി ജോസച്ചൻ വിദേശത്തേക്കു പോകുന്നത്. 1981-ൽ ബൈബിൾ പഠിക്കാനാണ് അച്ചൻ കാനഡയ്ക്കു പോയത്. അവിടെ Newman Theological College, Edmonton Alberta-ൽ പഠിച്ചു കൊണ്ടിരിക്കവെ ബധിരർക്കും കാഴ്ചയില്ലാത്തവർക്കുംവേണ്ടി ഇനിയുള്ള ജീവിതം മാറ്റിവയ്ക്കാൻ ഉൾവിളിയുണ്ടായി. ഇതിന് കാരണം Fr Richard Burner ആയിരുന്നു അദ്ദേഹമായിരുന്നു ബധിരർക്കുവേണ്ടി ആംഗ്യഭാഷയിൽ അവിടെ ദിവ്യബലി അർപ്പിച്ചിരുന്നത് അദ്ദേഹത്തിന്റെ ജീവിതം ജോസച്ചനെ എന്തെന്നില്ലാതെ പ്രചോദിപ്പിച്ചു അദ്ദേഹം അങ്ങനെ ബധിരരുടെയും അന്ധരുടെയും ഭാഷ പഠിക്കാൻ തീരുമാനിച്ചു.

തോമസ് മാമ്പ്രയച്ചൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു UBC Vancouver University യിൽ നിന്ന് Deaf and Dumb ൽ സ്പെഷ്യൽ എഡ്യൂക്കേഷൻ പൂർത്തിയാക്കി പിന്നീട് Boston University USA ൽ നിന്നും സ്പെഷ്യൽ എഡ്യൂക്കേഷനിൽ MAയും പഠിച്ചു നാട്ടിലെത്തിയ ജോസച്ചൻ 1987 ജൂലായ് 31-ന് ഏനാത്ത് എം സി റോഡിനോടു ചേർന്ന് കല്ലടയാറിന്റെ തീരത്ത് മൂന്നേക്കർ സ്ഥലം വാങ്ങി അന്ധർക്കും ബധിരർക്കും വേണ്ടി ഒരു സ്കൂൾ തുടങ്ങി അത് Higher Secondary വരെയായി വളർന്നു പിന്നീട് ഏതാണ്ട് 35 വർഷക്കാലം, അച്ചൻ ഏനാത്തുതന്നെ ജീവിച്ചു. അച്ചൻ തന്നെയായിരുന്നു അവസാന നിമിഷംവരെ അവരുടെ പ്രധാനാദ്ധ്യാപകനും ആത്മീയപിതാവും. അവർക്കു ഭക്ഷണം വിളമ്പുന്നതുപോലും ജോസച്ചനായിരുന്നു. ഉപവിയുടെ ഒരു ഗ്രാമം തന്നെ ഇക്കാലമത്രയും കൊണ്ട് അച്ചൻ വളർത്തിയെടുത്തു അന്ധരെയും ബധിരരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം. 2012-ൽ Mount Carmel CMI Central School ഏനാത്തു സ്ഥാപിച്ചു 2014-ൽ Mater Dei CMI College തുടങ്ങി. കർമ്മലമാതാവിന്റെ നാമത്തിൽ മനോഹര ദൈവാലയവും വിശാലമായ കളിസ്ഥലവും അച്ചൻ നിർമ്മിച്ചു. പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാൻ ഉതകുന്ന രീതിയിലാണ് അച്ചൻ എല്ലാം ക്രമപ്പെടുത്തിയത്

മാതൃഭക്തനായ ജോസച്ചൻ അവസാന കാലത്ത് ഏറെസമയവും ദൈവാലയത്തിൽ തന്നെയാണ് ചെലവഴിച്ചിരുന്നത് പൗരോഹിത്യധർമ്മത്തിന്റെ പരിശുദ്ധിയും പാവനതയും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രകാശിതമായിരുന്നു. ലളിതസുഭഗമായ ഒരു ജീവിതമായിരുന്നു അച്ചന്റേത്. ലാഭനഷ്ടങ്ങൾ അദ്ദേഹത്തിന്റെ കണക്കുപുസ്തകത്തിൽ ഇല്ലായിരുന്നു.

അടൂർ ഹോളിക്രോസ് ആശുപത്രിയിൽ വച്ച് ഓഗസ്റ്റ് 13-ന് നിര്യാതനായ ജോസച്ചന്റെ മൃതസംസ്കാരം ഓഗസ്റ്റ് 15-നായിരുന്നു മൃതസംസ്കാരകർമ്മത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് പ്രൊവിൻഷ്യൽ ബഹു. സെബാസ്റ്റ്യൻ ചാമത്തറയച്ചനായിരുന്നു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് അനുശോചന സന്ദേശവും പ്രാർത്ഥനകളും നടത്തി. ചടങ്ങുകളുടെ അവസാന ഭാഗശുശ്രൂഷകളുടെ മുഖ്യകാർമ്മികൻ ജനറൽ കൗൺസിലർ ബഹു. ബിജു വടക്കേലച്ചനായിരുന്നു. കർമ്മങ്ങൾക്കിടയിൽ ജോസ് കടവിലച്ചന്റെ ജീവിതത്തിലെ ചൈതന്യവത്തായ അംശങ്ങൾ സെബാസ്റ്റ്യൻ അട്ടിച്ചിറയച്ചൻ മഹത്ത്വത്തോടെ വരച്ചുകാട്ടി

ബ ജോസ് കടവിലച്ചനെ സി എം ഐ, സഭയ്ക്കു നല്കിയ നല്ല ദൈവത്തിനു നന്ദി പറയാം നമ്മുടെ സഭാ നിയമം ഡയറക്ടറി No.58 (b) അനുസരിച്ച് പരേതനു വേണ്ടി ദിവ്യബലിയും പ്രാർത്ഥനകളും ആത്മശാന്തിക്കായി നടത്തണമെന്ന് അപേക്ഷിക്കുന്നു.



## ഫാ. സെബാസ്റ്റ്യൻ അവറാൻ സി.എം.ഐ.

(1943 – 2021)

| | | | |
|---|---|---|---|
| **ജനനം** | : 28/12/1943 | **വ്രതം** | : 16/05/1963 |
| **തിരുപ്പട്ടം** | : 18/12/1972 | **മരണം** | : 22/10/2021 |

സി.എം.ഐ സഭയുടെ തൃശൂർ ദേവമാതാ പ്രവിശ്യയിൽ വരന്തരപ്പിള്ളി ആശ്രമാംഗമായിരുന്ന ബഹു സെബാസ്റ്റ്യൻ അവറാനച്ചൻ 2021 ഒക്ടോബർ 22-ന് രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചു മൃതസംസ്ക്കാരം ഒക്ടോബർ 24-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണിക്ക് വി. കുർബാനക്കുശേഷം വരന്തരപ്പിള്ളി ആശ്രമദേവാലയത്തിൽ നടത്തി ഇരിങ്ങാലക്കുട രൂപതയിലെ നടവരമ്പ് ഇടവകയിലെ അവറാൻ ചെറിയാൻ ത്രേസ്യ ദമ്പതികളുടെ ആറ് മക്കളിൽ ആറാമനായി അവറാനച്ചൻ ഭൂജാതനായി നടവരമ്പ് ഗവൺമെന്റ് സ്കൂളിലെ പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം വരന്തരപ്പിള്ളി യോഗാർത്ഥി ഭവനത്തിൽ പ്രവേശിച്ചു. 1963 മെയ് 16 ന് ആദ്യവ്രതവും 1972 ഡിസംബർ 18 ന് പൗരോഹിത്യവും സ്വീകരിച്ചു ബഹു സെബാസ്റ്റ്യൻ അവറാനച്ചൻ റോമിലെ സെന്റ് തോമസ് അക്വീനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്നും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. വികാരി, ക്യൂറേറ്റർ, ബോർഡിംഗ് റെക്ടർ, പ്രസ്സ് മാനേജർ, അനുഭവസമ്പന്നനായ വചനപ്രഘോഷകൻ തുടങ്ങി നിരവധി മേഖലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ആത്മസംസ്കൃതി എന്ന ധ്യാനരീതിയിലൂടെ അനേകരിലേക്ക് ആത്മീയതയുടെ വിത്തുകൾ പാകാൻ ബഹു അവറാനച്ചന് സാധിച്ചു.

ഒരു വചനപ്രഘോഷകൻ എന്ന രീതിയിലാണ് ബഹു. അവറാനച്ചൻ എന്നും അറിയപ്പെടാൻ ആഗ്രഹിച്ചത് തന്റെ ജീവിതകാലം മുഴുവനും വൈദികർ, സന്ന്യസ്തർ, വൈദികസന്ന്യാസാർത്ഥികൾ, അൽമായർ തുടങ്ങിയവരെ ധ്യാനിപ്പിക്കുക എന്ന ദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്. ചിയ്യാരത്തുള്ള ഗലീലിയിലാണ് കൗൺസിലിങ്ങിനും, താമസിച്ചുള്ള ധ്യാനപരിപാടികൾക്കും നേതൃത്വം നൽകിയിരുന്നത്. ധ്യാനത്തെക്കുറിച്ച് പറയുമ്പോൾ അച്ചന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു. 'നമ്മുടെ ദൗത്യം വചനപ്രഘോഷണമാണ്'. ദൈവവചന പ്രഘോഷണം ബഹു. അവറാനച്ചനെ സംബന്ധിച്ചിടത്തോളം ആഗ്രഹവും ആവേശവുമായിരുന്നു. സദാസമയം പുഞ്ചിരിതൂകി നിൽക്കുന്ന ബഹു. അവറാനച്ചന്റെ മുഖം മറ്റുള്ളവർക്ക് എന്നും സന്തോഷം പകരുന്നതായിരുന്നു. വ്യക്തിപരമായ പ്രാർത്ഥനയിലൂടെ ആഴമായ പ്രാർത്ഥനാനുഭവം സ്വന്തമാക്കാൻ ബഹു അച്ചന് സാധിച്ചു. കഴിഞ്ഞ 5 വർഷമായി ക്യാൻസർ രോഗിയായിരുന്നുവെങ്കിലും ഒന്നിനെക്കുറിച്ചും പരാതിയില്ലാതെ ജീവിക്കാൻ അച്ചന് കഴിഞ്ഞു.

ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ ബഹു. അവറാനച്ചന് അന്തിമോപചാരമർപ്പിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാരശുശ്രൂഷകളുടെ ഒന്നാം ഭാഗത്തിന് തൃശൂർ അതിരുപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികത്വം വഹിച്ചു. രണ്ടും

മൂന്നും ഭാഗങ്ങൾ പ്രൊവിൻഷ്യൽ ബഹു. ഡേവീസ് പനയ്ക്കലച്ചന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. സമാപനകർമ്മങ്ങൾക്ക് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. ബഹു. അവറാനച്ചനെ കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം നടത്തിയത് ജെയിൻ താന്നിക്കലച്ചനാണ്.

വചനകേന്ദ്രീകൃതജീവിതവും, സൗഹൃദങ്ങളെ ഊട്ടിയുറപ്പിച്ച സന്ന്യാസവും, ആഴമായ പ്രാർത്ഥനാജീവിതവുമാണ് ബഹു. അവറാനച്ചനിലുണ്ടായിരുന്നതെന്ന് ചരമപ്രസംഗത്തിലുടനീളം വ്യക്തമായിരുന്നു. ബഹു. സെബാസ്റ്റ്യൻ അവറാനച്ചന്റെ സഹോദരീസഹോദരങ്ങളും കുടുംബാംഗങ്ങളും മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കുചേർന്നിരുന്നു. ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുകയെന്ന ദിവ്യനാഥന്റെ വചസ്സുകൾ അക്ഷരംപ്രതി ജീവിച്ച ബഹു. സെബാസ്റ്റ്യൻ അവറാനച്ചന്റെ ജീവിതം നമുക്ക് മാതൃകയാക്കാം.

മരിച്ചവരെ ഉയിർപ്പിക്കുന്ന തമ്പുരാൻ ബഹു. അവറാനച്ചന് നിത്യശാന്തി നൽകി അനുഗ്രഹിക്കട്ടെ. ബഹു. സെബാസ്റ്റ്യൻ അവറാനച്ചനെ നന്ദിയോടെ ഓർക്കാം. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ സഭാനിയമം അനുസരിച്ചുള്ള ഭക്താനുഷ്ഠാനങ്ങൾ നിർവ്വഹിക്കാം.



## Rev. Fr. George Marattukalam CMI
## (1943-2021)

| | | | |
|---|---|---|---|
| **Birth** | **: 15/01/1943** | **Profession** | **: 16/05/1964** |
| **Ordination** | **: 18/12/1973** | **Death** | **: 22/10/2021** |

Rev. Fr. George Marattukalam (78) was born on 15th January 1943 at Chethipuzha in the Diocese of Changanacherry, as the fifth child of Mr Ouseph Joseph and Mrs Rosamma. After his primary schooling inthe Government Primary School at Vadakkekara and High School studies in St. Berchmans High School at Changanacherry, he joined CMI St. Joseph Province, Trivandrum. At the completion of Aspirancy at Mannanam and Mutholy, he joined the Novitiate House at Chethipuzha and made his first Profession on 16th May 1964. He had his Philosophical and Theological studies at Dharmaram Vidya Kshetram Bangalore and was ordained a priest on 18th December 1973. During the philosophical studies he opted forChanda Mission where his passion for the mission was accomplished. His main field of activities were the Diocese of Chanda and the Diocese of Adilabad.

He also rendered his service as the Rector of the Diocesan Minor seminary (Guru Vidya Nilayam) at Repalliwada and he was loved by all the seminarians, because of his paternal and loving nature. For many years he was the Vocation Promoter of the undivided Chanda province. He also served asthe Vicar General of the undivided Chanda diocese for a few years. He used his linguistic skills to translate liturgical prayers and hymns from Malayalam to Telugu in the initial years of his missionary life in the undivided Chanda Diocese. He was elected the Provincial of Mary Matha Vice-Province Hyderabad in the year 2011, an office which he held until 2014.

After understanding the hardships of the farmers, he formed an agricultural cooperative society at Tamsi (Adilabad District) to provide financial assistance and agricultural-related goods to the farmers of Tamsi, Adilabad and the surrounding villages, Farmers from far away villages frequently visited Fr. George for guidance in cultivation. Fr. George himself was a good farmer and he promoted agriculture, gardening and other allied activities wherever he rendered his pastoral services. He extended financial support to a considerable number of poor families in the villages and particularly for the catholic students and youth to have their higher education. As Jesus said of Nathaniel "Behold, an Israelite indeed in whom is no guile" (Jn1:47), everyone had similar opinion about Fr George.

Fr. George took a leading role in constructing several churches in many remote villages of the virgin land of the undivided Chanda diocese. He inspired and prompted young priests to work in the parishes and mission stations and proclaim the Good News of Jesus.

The funeral service of Fr. George was on 24th October, 2021 which began at Mary Matha Ashram at Chowara and later the mortal remains were carried to the Sacred Heart Monastery Chethipuzha, his home parish, where his mortal remains were laid to rest in the presence of many faithful and his beloved family members.

The Eucharistic celebration was presided over by Mar Prince Antony - the Bishop of Adilabad Diocese - who preached the homily, in which he highlighted the great missionary spirit of Fr George Marattukalam. Mar Joseph Kunnath CMI, the bishop emeritus, led the final part of the funeral service. Besides his family members and friends, many confreres from various provinces, a great number of other priests and religious and a large crowd attended the funeral.

He was a true philanthrophist who was very eager to accompany people in their needs. His love for the poor was well expressed in all the mission stations and parishes he worked. His concern for the poor people made him find resources for the construction of many houses in the villages. His zeal for proclamation and compassion for the poor, simplicity in life, selfless service and love for mother earth made him a true and an outstanding missionary

Let us thank the Lord Almighty for all the blessings the CMI Congregation, Mary Matha Vice-Province, Adilabad Mission and the people of God received through the committed and ever inspiring life of Rev. Fr. George Marattukalam and pray that the Risen Lord may grant him everlasting joy and peace.



## റവ. ഡോ. ഫാ. സെബാസ്റ്റ്യൻ കടുവാതുക്കിൽ സി.എം.ഐ.

(1931 – 2021)

| | | | |
|---|---|---|---|
| ജനനം | : 25/12/1931 | വ്രതം | : 18/05/1952 |
| തിരുപ്പട്ടം | : 16/05/1964 | മരണം | : 09/11/2021 |

സി എം.ഐ. തിരുവനന്തപുരം സെന്റ് ജോസഫ് പ്രവിശ്യയിലെ ഫാദർ സെബാസ്റ്റ്യൻ കടുവാതുക്കിൽ (90) 2021 നവംബർ 9-ാം തീയതി 2.30-ന് തിരുവനന്തപുരം ക്രൈസ്റ്റ് ഹാൾ ആശ്രമത്തിൽ വച്ച് ദിവംഗതനായി.

കാഞ്ഞിരപ്പള്ളി രൂപതയിൽ എലിക്കുളം കടുവാതുക്കിൽ പരേതനായ ശ്രീ. തൊമ്മൻ-ഏലിയാമ്മ ദമ്പതികളുടെ എട്ടുമക്കളിൽ നാലാമനായി 1931 ഡിസംബർ 26-ാം തീയതി ജനിച്ചു. 1952-ൽ സി.എം.ഐ. സഭയിലെ യോഗാർഥിഭവനത്തിൽ പ്രവേശിച്ചു. മാന്നാനം, മുത്തോലി ആശ്രമങ്ങളിലെ യോഗാർഥിപഠനത്തിനുശേഷം ചെത്തിപ്പുഴയിലെ നോവിഷ്യറ്റിൽ പ്രവേശിച്ചു. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഫിലോസഫിയിലും തിയോളജിയിലും പഠനം പൂർത്തിയാക്കി.

1958 മെയ് 18-ന് വ്രതവാഗ്ദാനം ചെയ്ത സെബാസ്റ്റ്യൻ അച്ചൻ 1964 മെയ് 16-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. മുത്തോലി സെന്റ് ജോൺസ് ആശ്രമത്തിലെ പ്രോക്യുറേറ്ററായി തന്റെ കർമരംഗം ആരംഭിച്ചു. പുന്നപ്ര കാർമൽ പോളി ടെക്നിക് കോളേജ് ഹോസ്റ്റൽ വാർഡനായിരുന്നപ്പോൾ ആലപ്പുഴ തീരദേശത്തുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി കോസ്റ്റൽ സോഷ്യൽ ആക്ഷൻ ഫോറം രൂപീകരിച്ചു.

സഭയോടും സന്യാസത്തോടും പൗരോഹിത്യത്തോടും വിശ്വസ്തതപുലർത്തിയിരുന്ന സെബാസ്റ്റ്യനച്ചൻ എന്നും സഭയെ വളർത്തുന്നതിൽ ഉത്സാഹവാനായിരുന്നു. പാവങ്ങളോട് എന്നും പക്ഷം ചേർന്ന് പ്രവർത്തിച്ച അച്ചൻ തനിക്ക് ലഭിച്ച ദൈവവിളിയോട് ആത്മമാർഥത പുലർത്തിയിരുന്നു. ആശ്രമത്തിൽ എത്തുന്നവരെ ഈശ്വരതുല്യം സ്നേഹിക്കുകയും കാരുണ്യത്തോടെ സ്വീകരിക്കുകയും ചെയ്തിരുന്നു. “അതിഥി ദേവോ ഭവ” എന്ന തത്വം ജീവിതത്തിൽ അന്വർഥമാക്കിയ അച്ചൻ, അവർക്ക് പ്രത്യേക പരിഗണന നൽകുന്നതിൽ ശ്രദ്ധിച്ചിരുന്നു.

1969-ൽ കോട്ടയം ദീപിക ദിനപ്പത്രത്തിന്റെ സർക്കുലേഷൻ മാനേജരായി ചാർജെടുത്ത അച്ചൻ നീണ്ട 9 വർഷക്കാലം പ്രസ്തുത തസ്തികയിൽ സേവനം അനുഷ്ഠിച്ചു. മലബാർ കുടിയേറ്റക്കാർക്കൊപ്പം ദീപികയുടെയും മലബാർ കുടിയേറ്റത്തിനും വളർച്ചയിലേയ്ക്കുള്ള കുതിപ്പിനും നിർണ്ണായക പങ്കുവഹിച്ച സെബാസ്റ്റ്യൻ കടുവാതുക്കിലച്ചൻ, തൃശൂരിലും മലബാറിലെ കുടിയേറ്റ ഗ്രാമങ്ങളിലും ചുറുചുറുക്കോടെ പ്രവർത്തിച്ചു. ദീപികയുടെ നാവും ശക്തിയുമായിരുന്ന അച്ചന്റെ നേതൃത്വത്തിലാണ് തൃശൂരിലെ ദീപിക രണ്ടാമത്തെ എഡിഷൻ ആരംഭിച്ചത്. പ്രസ്സിനും ഓഫീസിനും സ്ഥലം കണ്ടെത്തുന്നതിൽ അച്ചന്റെ പങ്ക് നിർണ്ണായ കമായിരുന്നു. കടുവാതൂക്കിലച്ചന്റെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായി തളിപ്പറമ്പിൽ ദീപിക സബ്ഓഫീസ് തുടങ്ങുവാനും തന്മൂലം കുടിയേറ്റഗ്രാമങ്ങളായ ഉദയഗിരി, ആലക്കോട്, ചെറുപുഴ, പൈസക്കരി, ചെമ്പേരി, ചന്ദനക്കാംപാറ, ചിറ്റാരിക്കൽ, കേളകം, രാജപുരം, കോഴിച്ചാൽ, കുടി യാന്മല തുടങ്ങിയ പ്രദേശങ്ങളിൽ ദീപികയ്ക്ക് വലിയ സ്വീകാര്യത ലഭിക്കാനുമിടയായി.

പത്രപ്രവർത്തനത്തിനിടയിലുണ്ടായ അപകടത്തെത്തുടർന്ന് അച്ചൻ ദീപികയുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങളിൽ നിന്ന് പിൻവാങ്ങി

1980-83 കാലങ്ങളിൽ തേവര കലാഭവനിൽ സേവനമനുഷ്ഠിച്ചു. 1985-88 വർഷ -ങ്ങളിൽ കോട്ടയം പ്രകാശ്ഭവനിൽ പബ്ലിക്കേഷൻ മാനേജരായിരുന്നു. 1987-90 കാലങ്ങളിൽ പ്രൊവി ൻഷ്യൽ കൗൺസിലറായും പിന്നീട് കുച്ചപ്പുറം ആശ്രമഷ്ഠനായും സേവനമനുഷ്ഠിച്ചു. തുടർന്ന് തിരുവനന്തപുരം ക്രൈസ്റ്റ് ഹാൾ ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുകയായി രുന്നു. അച്ചന്റെ സഹോദരൻ റവ. ഫാദർ കെ. ടി. തോമസ് S.J. (പരേതൻ), സഹോദരി സിസ്റ്റർ കോർസിനി CMC (പരേത) എന്നിവർ സഭയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചവ രായിരുന്നു.

നവംബർ 9-ാം തീയതി നിര്യാതനായ സെബാസ്റ്റ്യൻ അച്ചന്റെ ഭൗതിക ശരീരം 11-ാം തീയതി രാവിലെ ക്രൈസ്റ്റ് ഹാൾ ആശ്രമദേവാലയത്തിൽ എത്തിക്കുകയും പ്രിയോർ റവ. ഫാദർ പോൾ മങ്ങാടിന്റെ കാർമികത്വത്തിൽ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. പൊതുദർശനത്തിനു ശേഷം അന്നേ ദിവസം ചെത്തിപ്പുഴ ആശ്രമദേവാലയത്തിൽ 10 മണിക്ക് നടന്ന രണ്ടാംഭാഗശുശ്രൂ ഷകൾക്കും തുടർന്ന് നടന്ന ദിവ്യബലിക്കും സംസ്ക്കാരകർമ്മങ്ങൾക്കും ബഹു. പ്രൊവി ൻഷ്യൽ സെബാസ്റ്റ്യൻ ചാമത്തറയച്ചൻ മുഖ്യകാർമികത്വം വഹിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് അനുശോചന സന്ദേശവും പ്രാ ർത്ഥനകളും നടത്തി. സി.എം.ഐ. സഭയുടെ വികാർജനറാൾ ബഹു. ജോസി താമരശ്ശേരി യച്ചൻ പ്രാർഥനകളർപ്പിച്ചു. ബഹു. മാത്യു പോളച്ചിറയച്ചൻ ദിവ്യബലിമധ്യേ നടത്തിയ ചരമപ്ര സംഗത്തിൽ സെബാസ്റ്റ്യൻ അച്ചന്റെ അശരണരോടുള്ള കരുതലിനെക്കുറിച്ച് എടുത്തു പറ ഞ്ഞു. കർമ്മങ്ങളുടെ അവസാനഭാഗശുശ്രഷകളുടെ മുഖ്യകാർമികൻ ബഹു. വികാർ പ്രൊവി ൻഷ്യൽ റവ. ഫാദർ സോണി പാലാത്രയായിരുന്നു.

ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കടുവാതുക്കിലച്ചനെ സി.എം.ഐ. സഭയ്ക്ക് നൽകിയ നൽ കിയ ദൈവത്തിനു നന്ദി പറയാം. സി.എം.ഐ. സഭാ ഡയറക്ടറി No. 58 (b) അനുസരിച്ച് പരേ തന്റെ ആത്മശാന്തിയ്ക്കായി ദിവ്യബലിയും പ്രാർത്ഥനകളും നടത്താം.



# Rev. Fr. Dr. John Edappilly CMI
# (1944-2021)

| | | | |
|---|---|---|---|
| **Birth** | **: 28/04/1944** | **Profession** | **: 16/05/1963** |
| **Ordination** | **: 17/05/1970** | **Death** | **: 19/11/2021** |

Fr. John Edapilly had been well-known all over the country for his innovative art and science of Evangelization through the electronic communication media. His doctoral thesis, defended at the International Institute, Florida, under the title "The Emerging Electronic Church" is being relied on even today as an irreplaceable source book and an all-too-important guide in this regard by theoreticians as well as practitioners of Gospel proclamation through the dynamics of digital media. He has proved by his rare ingenuity how music and melody, rhythm and rhetoric, dance and diction, prose and poetry, vision and visuals, instrumentation and insight could be harmoniously employed at the service of Gospel preaching within a creative frame of the present-day digital technology.

Himself a master and mentor, instructor and inventor, in this novel mode and method of 'missionarying,' Fr. Edapilly had trained hundreds of heralds of Gospel to be capable of being catchers of humans. Indeed, he did so by using the audio-visual techniques, substantially in line with the original genius of Jesus himself, by presenting the mysteries of the Kingdom of Heaven in a panoramic platform of signs and stories, symphony and cyphers. Fr. Edappilly's creative and recreative endeavours and enterprises in starting or conducting or developing such centres of neo proclamation of the Gospel in artistically vibrant, colour-sound, combinations such as, among others, National Institute of Social Communications Research and Training Centre (Delhi), Christian Centre for Culture and Communications (Amritsar), Chetana Centre of Culture and Communications. Catholic Youth Centre speaks volumes about his multi-faceted, imaginative and industrious way of making the Gospel alive.

Fr. John Edappilly was born on 28.09.1994, of Antony-Elizabeth. He joined CMI Congregation at Varandarappilly and had his Philosophy and Theology training at Dharmaram College, Bangalore. He was ordained on 17.05.1970. His other notable

academic qualifications were: M.A in Psychology, M.A in Religion (both from Temple University, Philadelphia), M. A in Spiritual Theology (Pontifical Institute, Alwaye). He also served as a Visiting Professor in a good number of Institutes of Theology and Culture both in India and abroad.

Fr John had distinguished himself as an effective retreat preacher and zealous pastor, enchanting singer and talented composer, erudite writer and noted film critic, influential organizer and a leading youth animator His special areas of interest were catechetics, family renewal, liturgical music and audio-visual presentation of Gospel themes. The steps he took, while being the Prior of the Immaculate Heart Monastery, Varandarapilly, to renew the families by taking them by the path of St Chavara's vision of an ideal Christian family, with the aid of musical and artistic presentation are still lauded by the people there with highest praise and appreciation.

In October 2020 he took charge of the office of the superior of Carmel Bhavan, Chalakudy. To the great delight of all of us, he kept the Community united in prayer and fraternity with great care for its spiritual and physical welfare by providing it with a strong and effective leadership with respect to education, the primary apostolate of the Bhavan, animating us at the same time to remain fully committed to the spiritual and religious needs of the faithful around us, keeping our bonds of strong social relationship with the people of all walks of life in Chalakudy. With his magnetic personality, inborn penchant for thinking with and for the youth, humane, refined manners of dealing, strong social and cultural consciousness, outstanding leadership qualities, he easily captivated the mind and heart of all, in particular, of the students, staff and parents of our schools here as well as the general public of Chalakudy Our great and deep thanks are due to Fr. John Edapilly, our deceased Superior of revered memory!

Fr. John was suffering from ailments connected with diabetics. On 19th November after the noon meals he retired to take rest as usual during which he expired owing to cardiac arrest. On the 21st afternoon the funeral mass was officiated by Mar Pauly Kannukadan, Bishop of Irinjalakuda, Rev Frs Paulson Paliekkara (General Councillor), Davis Panakkal (Provincial, Devamatha Province), Benny Nalkara (Provincial, SH Province, Kochi) being co-celebrants. The funeral homily was delivered by Rev Fr Benny Chirammel of the Chetana Institution. The final part of the funeral rites was officiated by Mar Tony Neelamkavil, the Auxiliary Bishop of Thrissur

Let us be thankful to God and the CMI Congregation for the invaluable gift of Fr. John Edapilly, an apostle par excellence of Evangelisation by the electronic media.

Requesting you to kindly conduct the obsequies for the departed soul of Rev. Fr. John Edapilly as per our Directory No 58



# Rev. Fr. Joseph Aureus CMI
# (1933-2021)

| | | | |
|---|---|---|---|
| **Birth** | **: 29/07/1933** | **Profession** | **: 14/09/1954** |
| **Ordination** | **: 17/05/1962** | **Death** | **: 21/11/2021** |

Rev. Fr. Joseph Aureus CMI of Devamatha Province Thrissur, the member of CMI Ashram, Dhule of St. Kuriakose Elias Chavara Region, Dhule, was called for eternal life on November 21, 2021 at 2:30 pm in Amala Institute of Medical Sciences, Thrissur His funeral Services was held on November 23, 2021 in St. Teresa's Monastery Ampazhakad.

Fr. Joseph was born on July 29, 1933 in Pariyaram, in Chalakudy of Late Mr. Varghese and Mrs. Annakutty. Mr. Jose is his brother and Mrs. Rosakutty, Mrs. Mary, Mrs. Sudan and Mrs. Kochuthresiya are his sisters. Hailing from Pariyaram Fr. Joseph completed his School studies from Government High School, Chalakudy in 1951. He did his Aspirancy from St. Berchman's Aspirants' House, Elthuruth and PUC from Christ College, Irinjalakuda. Doing his novitiate in Ambazhakadu, he did his first profession on September 14, 1954. Fr. Joseph did his degree, philosophy and Theology from Dharmaram College, Banglore and was ordained a priest on May 17, 1962 by Late Bishop Sebastian Vayalil. After his ordination he went to Rome and did his Licentiate in "Mystical Experience in Sri Aurobindo" in Angelicum ,Rome in 1969.

Rev. Fr. Joseph Aureus served CMI Congregation as Novice Master for fourteen Consequent years, Vicar Provincial of Devamatha Province Thrissur, Spiritual Master in Dharmaram College, Bangalore and formation coordinator of CMI congregation for four times from 1989 to 2001. From 2002 to August 19, 2021, Fr. Aureus was serving Chavara Mission and Chavara Region. Meanwhile he has served Chavara Ashram, Amalner for five years. During his tenure of nineteen years' service in Chavara Mission, he was spiritual Animator, Spiritual Director, Confessor, etc. for Rev. Fathers, Brothers, Sisters, parishioners, and praying Community members. A few years Rev Fr. Joseph was a counsellor in Chavara Public School, Dhule for Students, Teachers, and even parents

The First part of the funeral service was held in Santhanam on November 23, 2021 at 5.45 am and His Grace Mar Adrews Thazhath and His Excellency Mar Tony Neelamkavil officiated the ceremony. His mortal remains were brought to St. Teresa's Monastery, Ampazhakad at 7.45 am. Second Part of the funeral began along with Requiem Mass at 2:00 pm in St. Teresa's Monastery for which His Excellency Mar Sebastian Vaniapurackal, the Curia Bishop was the main celebrant. Rev. Dr. Davis Panackal, the Provincial of Devamatha Province, Thrissur, Rev. Fr.Paulson Paliekara, the General Councillor, Rev. Dr. Paul Achandy, the Rector of Dharmaram College, Bangalore, Rev. Fr. Jose Palatty, the Forane Vicar of St. Mary's Forane Church, Chalakkudy, Rev. Dr. Sheejan Thomas, the Regional Superior of St. Kuriakose Elias Chavara Region Dhule, Maharashtra and Rev. Fr. Jose Payyappilly the Prior of St. Teresa's Monastery, Ampazhakad were the concelebrants. Rev. Dr. Saju Chakkalackal, the Provincial of Preshita Province, Coimbatore, Rev. Dr. Kurian Kachappilly, the President of Dharmaram Vidya Kshetram, Bangalore, a good number of Priests, Religious, brothers and faithful were gathered for paying Homage to our Guruvachan. Rev. Dr. Jose Nandikara, the Professor of Dharmaram College, Bangalore preached the funeral message depicting Fr. Joseph Aureus as a real holy person after the model of St. Joseph, his Patron Saint. His Excellency Mar Pauly Kannukadan officiated the final part of the funeral service. Rev. Dr Sheejan Thomas read out the condolence Message of His Beatitude Mar George Alenchery and His Excellency Mar Thomas Elavanal



## Rev. Fr. John Zepherin Naduvathussery CMI
## (1939-2021)

| | | | |
|---|---|---|---|
| **Birth** | **: 21/10/1939** | **Profession** | **: 19/05/1959** |
| **Ordination** | **: 18/05/1970** | **Death** | **: 26/11/2021** |

Fr. John Zepherin Naduvathussery CMI (82), a member of CMI St Xavier's Province, Rajkot went home to be with the Lord in His heavenly abode. On Friday, 26 November 2021. He suffered a massive cardiac arrest and slipped into eternity at Christ Hospital, Rajkot. The mortal remains of Fr John was laid to rest at the Sacred Heart

Cathedral Church (Prem Mandir), Rajkot on Monday, 29 November. The funeral services began at 10.00 a.m., at CMI St Xavier's Provincial House, Rajkot. Fr. James Thayil CMI, the provincial of Rajkot officiated the first part of the funeral services. Mar Jose Chittooparambil CMI, the Bishop of Rajkot led the funeral mass and other services at Prem Mandir.

Born on 21 October, 1939, as the fourth child of pious parents George and Mary Naduvathussery, in the parish of St. Mary's Cathedral Basilica, Ernakulam, Fr. John grew up in the company of his twelve siblings. Two of his sisters followed the line of Fr. John and entered religious life.

Fr. John had his primary school education at St Augustine School, Ernakulam, and Sri Rama Varma School. His intermediate studies were held at SH College, Thevara. At the age of 15 he joined the CMI Congregation as an aspirant at Thevara. As a young boy, he got the initial formation under Frs Oswald, Severinus, Rufinus and Cyprian. He did his novitiate and juniorate in Christ the King Monastery Novitiate, Karukutty (1958-60). On 19 May, 1959 he made his first religious profession. His ecclesiastical studies of Philosophy and Theology were completed from Dharmaram College, Bangalore (1960-63; '67-72). He was among the first batch of brothers who got the opportunity to do college studies before priestly Ordination. He did his BSc and MSc (Chemistry) at S.H. College, Thevara (1963-67). He was Ordained Priest on 18 May 1970 by Mar Sebastian Mankuzhikary at the CMI Prior General's House, Ernakulam.

As a religious missionary priest, Fr John served the Church, the CMI Congregation and the society in multiple ministries and roles. He began his ministry as a teacher at Christ College, Bangalore (1970-71). In 1972 he joined S.H. College, Thevara as a teacher of Chemistry, and continued to serve there until he got a call to join the Rajkot mission in 1976 in view of taking over St. Mary's School from the Jesuits of Gujarat Province. He served there as teacher and principal for three years. He also served as Principal at Carmel Convent School, Junagadh (1979-81). The longest stretch of school ministry he had was at St. Xavier's school Jamnagar, for nine years (1981-1990), as principal. In the field of pastoral and spiritual animation Fr John served as parish priest in St. Ann's Parish, Junagadh (1979-81), and in Sacred Heart Cathedral (Prem Mandir) Parish, Rajkot (2003-2008). As parish priest, he took time to know the pulse of his flock. He had a listening ear for them always. He cared for them with spiritual and temporal nourishment. His pastoral commitment was further seen in his services as General Councilor for Evangelization and Pastoral Ministry (1996-2002) during the Prior Generalship of Very Rev. Fr. Alex Ukken CMI

He spent himself fully for the Lord, the CMI Congregation and the Church in distinguished positions such as Regional Superior of CMI St. Xavier's Region (1984-87), the first Provincial Superior of CMI St. Xavier's Province, Rajkot (1991-96), Vicar Provincial of SH. Province, Kochi (1990-94); General Councilor for Evangelization and Pas-

toral Ministry (1996-2002); Finance Officer of the Diocese of Rajkot (2002-2009), and Superior of St. Xavier's CMI House, Jamnagar (2009-11).

He was a community man. Wherever he was assigned, he made the community alive with his vibrant, celebrative and creative attitude and approach. He always wore a contagious smile which brightened up everyone who came across him. By his skills in culinary art, witty comments, magical hands, musical voice and learning skills Fr John spread the Gospel of joy. His presence was a matter of joy as he cherished and nurtured the triple tables of fellowship: the Eucharistic Table, the Dining Table and the Recreation Table

The last stage of his life was spent at the Provincial House (2014-21), Rajkot. Although he nursed many discomforts and aches in his body he remained active and positive, spending his time in taking classes for the aspirants, candidates and seminarians, entertaining the visitors, doing the community chores and so on. Even in his old age, he was an active member in the chapel and outside. A man of convictions, ideas and ideals, he lived as the Spirit of God led his breath.

Kindly do offer the suffrages for the departed in the tenor of our Directory No. 58 (b), and No.60








Reception of new priests 2021-2022 batch
at Prior Generals House



"THE BIBLE WAS NOT WRITTEN FOR A GENERIC HUMANITY, BUT FOR US, FOR ME, FOR YOU, FOR MEN AND WOMEN IN FLESH AND BLOOD, MEN AND WOMEN WHO HAVE A NAME AND A SURNAME, LIKE ME, LIKE YOU. AND THE WORD OF GOD,... WHEN IT IS RECEIVED WITH AN OPEN HEART, DOES NOT LEAVE THINGS AS THEY WERE BEFORE: NEVER. SOMETHING CHANGES..."

"IT IRRITATES ME A LITTLE WHEN I HEAR CHRISTIANS WHO RECITE VERSES FROM THE BIBLE LIKE PARROTS."